
# തളിര്

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക


2025 സെപ്റ്റംബർ
വില ₹25



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച
# പുതിയ പുസ്തകങ്ങൾ




**അദ്ഭുതങ്ങളുടെ പത്തായം**
അരുൺ രവി
(കഥ)
വില ₹140





**ഈശ്വരചന്ദ്ര വിദ്യാസാഗർ**
കലൂർ ഉണ്ണികൃഷ്ണൻ
(ജീവചരിത്രം)
വില ₹70




**നിശാശലഭങ്ങളുടെ ലോകം**
സുരേഷ് ഇളമൺ
(ശാസ്ത്രം)
വില ₹100




**സസ്യഹോർമോണുകളുടെ മായാലോകം**
സുരേഷ് മുതുകുളം
(വൈജ്ഞാനികം)
വില ₹180




**എച്ചിമി**
അഞ്ജലി രാജൻ ദിലീപ്
(കഥ)
വില ₹35




**അവലോസുണ്ട**
അനീഷ് കെ അയിലറ
(കവിത)
വില ₹120

# പുസ്തകം സ്വന്തമാക്കാൻ

**website : www.ksicl.org**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്,**
**പാളയം, സംസ്കൃത കോളേജ് കാമ്പസ്, തിരുവനന്തപുരം 34,**
**ഫോൺ** 0471–233 3790, e-mail : director@ksicl.org
**താഴെ കാണുന്ന അക്കൗണ്ട് നമ്പറിൽ പണം അടച്ചതിനു ശേഷം മൊബൈൽ നമ്പറിലേക്ക് രസീതും വിലാസവും വാട്സാപ്പ് മെസേജ് ചെയ്യുക.**
Mob: 8547971483, Account Number : 67178297569.
Name: Director KSICL, IFSC : SBIN0000941

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

# തളിര്

September 2025 Vol:32, Issue: 09

ഉള്ളടക്കം

## ഒരു പൂക്കൂടയുടെ ഓർമയ്ക്ക്

**സിതാര എസ്**

08



ഓണവുമായി ബന്ധപ്പെട്ട് ഗൃഹാതുരവും മനോഹരവുമായ ഓർമ്മകൾ ഇല്ലാത്ത മലയാളികൾ ചുരുക്കമായിരിക്കും. ഞാനും അതിൽ നിന്ന് വ്യത്യസ്തയല്ല. ഓണത്തെ സംബന്ധിച്ചുള്ള എല്ലാ ഓർമ്മകളിലും വെച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ടത് കുട്ടിക്കാലത്തെ ഓണക്കാലങ്ങളിൽ എന്നെ വന്നു തൊട്ട ചില അനുഭവങ്ങളാണ്. പ്രശസ്ത കഥാകാരി സിതാര എസ് എഴുതുന്നു...

## പ്ലാസ്റ്റോമിത്രൻ എന്ന റോബോട്ട്

**മനോജ് വെള്ളനാട്**

14



പ്ലാസ്റ്റോമിത്രൻ സാധാരണ റോബോട്ടായിരുന്നില്ല. അതിന് നടക്കാനും ലളിതമായ വാചകങ്ങൾ സംസാരിക്കാനും കഴിയുമായിരുന്നു. പ്ലാസ്റ്റിക് ദോഷമാണ്, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കണം, പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യണം, അത് വലിച്ചെറിയരുത്, ഒരിക്കലും പ്ലാസ്റ്റിക് വസ്തുക്കൾ കത്തിക്കരുത് തുടങ്ങിയ നിർദ്ദേശങ്ങൾ അത് വ്യക്തമായി പറയും. പ്രശസ്ത കഥാകൃത്ത് മനോജ് വെള്ളനാടിന്റെ കഥ വായിക്കാം...

## കല്ലറ പാങ്ങോട് സമരചരിത്രം

20

**ഡോ. ബി ബാലചന്ദ്രൻ**



അവൾ, രക്തസാക്ഷിയുടെ മകൾ സാവിത്രി, ഇമപൂട്ടാതെ ആ ചിത്രത്തിലേയ്ക്ക് അല്പനേരം നോക്കിനിന്നു. എന്നിട്ടവൾ അതിൽ തെരു തെരെ ഉമ്മ വച്ച എന്റച്ഛൻ, എന്റച്ഛൻ എന്നു പറഞ്ഞ് ആ ഫോട്ടോ നെഞ്ചോടു ചേർത്തു പിടിച്ച് ഓടി മറഞ്ഞു. ചരിത്ര പ്രസിദ്ധമായ കല്ലറ പാങ്ങോട് സമരത്തിലേക്ക് വെളിച്ചം വീശുന്ന കുറിപ്പ് വായിക്കാം...


കടൽകളി.......................05
വിനോദ് വൈശാഖി
സാനുമാഷ് ജ്ഞാനത്തിന്റെ വിളക്കുമാടം
മാതൃക അധ്യാപകൻ.......................06
അബ്ദുൾ സലാം മണ്ണാർക്കാട്
മഞ്ഞയെന്തോരം മഞ്ഞ.......................13
എം ആർ രേണുകുമാർ
പ്ലാസ്റ്റോമിത്രൻ എന്ന റോബോർട്ട്.......................14
മനോജ് വെള്ളനാട്
ചോട്ടു മുയലിന്റെ ചതി.......................17
പള്ളിയറ ശ്രീധരൻ
ഓണസ്മൃതി.......................18
സുഭാഷിണി തങ്കച്ചി
ഓർമ്മയിലൊരു കുട്ടിക്കാലം.......................19
ഡോ. ഗീത കാവാലം
യുറേക്കാ!.......................24
കെ. എ മജീദ്
ഓണമെത്തുമ്പോൾ.......................25
വിജയ വാസുദേവൻ
പൂവണിഞ്ഞ ശ്രാവണം.......................26
വത്സൻ അഞ്ചാംപീടിക
വീടൊരു നാട്, നാടൊരു വീട്.......................28
ഇ എൻ ഷീജ
ലാബ്രഡോർ.......................30
ദേവലാൽ ചെറുകര
കുരുവിക്കൂട്.......................33
ദിവാകരൻ വിഷ്ണുമംഗലം
ദിവ്യ ദേശ്മുഖ് ലോക കിരീടം
നേടുന്ന ആദ്യ ഇന്ത്യൻ വനിത.......................34
ഗിരീഷ് പി
കുട്ടികൾ ഞങ്ങൾ മുന്നോട്ട്.......................36
കെ. എൻ. കുട്ടി കടമ്പഴിപ്പുറം
തിരുവോണം വന്നപ്പോൾ.......................37
രാജഗോപാലൻ നാട്ടുകൽ
ടുട്ടുവിന്റെ ബഹിരാകാശ യാത്ര.......................38
സുലോചന എം. കൃഷ്ണൻ
ന്യൂക്ലിയർ ബാറ്ററി.......................40
ശ്രീപ്രസാദ് വടക്കേപ്പാട്ട്
ആൽത്തറ മുത്തശ്ശൻ.......................42
ജോസ് ഗോതുരുത്ത്
നടപ്പ് സമരം.......................44
റെജി മലയാഴപ്പുഴ
ശബ്ദം.......................46
തോമസ് താമരശ്ശേരി



ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**സജി ചെറിയാൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

സ്ഥാപക എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**കെ രമ**
**കെ എൻ കുട്ടി കടമ്പഴിപ്പുറം**
**ചേർത്തല രാജൻ**
**ആലപ്പി രമണൻ**

എക്സിക്യൂട്ടീവ് എഡിറ്റർ
**സഫിയ ഒ സി**
**സാജി എസ് വി**

ഡിസൈൻ, ലേഔട്ട്
**സുജയ് സുധാകരൻ**

കവർ
**സുജയ് സുധാകരൻ**

പ്രൊഡക്ഷൻ ഓഫീസർ
**വിനോദ് ആർ**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034

**ഫോൺ**
0471-233 3790, 8547971483

e-mail : thaliru@ksicl.org,
director@ksicl.org

**കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്

www.ksicl.org

# തളിരിന്റെ എല്ലാ കൂട്ടുകാർക്കും ഓണാശംസകൾ

'ആ വരവിങ്കലുണർന്നു ചിരിപ്പൂ പൂവുകൾ!
ഞങ്ങടെ സാക്ഷികളത്രേ പൂവുകൾ!
പോവുക നാമെതിരേൽക്കുക
നമ്മളൊരുക്കുക നാളെയൊരോണം!'

**ഓ**ണം മുന്നോട്ട് വെയ്ക്കുന്ന സമത്വദർശനത്തെ എല്ലാ ഗരിമയോടെയും മലയാള സാഹിത്യത്തിൽ അടയാളപ്പെടുത്തിയത് വൈലോപ്പിള്ളി ശ്രീധര മേനോനാണ്. 'ഓണപ്പാട്ടുകാർ' എന്ന കവിതയിൽ. മാവേലി മന്നന്റെ വരവിന്റെ സാക്ഷികളാണ് കവിയുടെ കാഴ്ചപ്പാടിൽ പൂവുകൾ. പൂവുകളുടെ ബഹുവിധ വർണപ്പൊലിമയില്ലാതെ എന്ത് ഓണം...!

ഓണപ്പൂക്കളെക്കുറിച്ചുള്ള ഓർമകളും ഓണം അനുഭവങ്ങളും പങ്കുവയ്ക്കുന്ന കുറിപ്പുകളോടെ ആണ് തളിര് ഓണം ലക്കം കൂട്ടുകാരെത്തേടി എത്തുന്നത്. കൂടാതെ കുറെയേറെ കഥകളും കവിതകളുമുണ്ട് ഈ ലക്കത്തിൽ. എല്ലാ വർഷവും സെപ്റ്റംബർ 5നാണ് ഇന്ത്യയിൽ അധ്യാപക ദിനം ആഘോഷിക്കുന്നത്. നമ്മുടെ മുൻ രാഷ്ട്രപതിയും വിശിഷ്ട അധ്യാപകനുമായ ഡോ. എസ് രാധാകൃഷ്ണന്റെ ജന്മദിനത്തോടനുബന്ധിച്ചാണ് ദിനാചരണം. അധ്യാപകരുടെ സമൂഹത്തിലെ അമൂല്യമായ സംഭാവനകളെ ആദരിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിനുമാണ് ഈ ദിനം സമർപ്പിക്കപ്പെട്ടിരിക്കുന്നത്.

വായനയെ, എഴുത്തിനെ തപസ്യയാക്കി മാറ്റിയ ജ്ഞാന സാനുവായ ഏവരും സാനു മാഷ് എന്നു വിളിക്കുന്ന പ്രൊഫ. എം കെ സാനു വിടവാങ്ങി. അദ്ദേഹത്തിന്റെ ദീപ്തമായ ഓർമകൾക്ക് മുന്നിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആദരാഞ്ജലി അർപ്പിക്കുന്നു.

തളിരിന്റെ കൂട്ടുകാർക്ക് ഹൃദ്യവും പ്രതീക്ഷാനിർഭരവുമായ ഒരു ഓണം ആശംസിക്കുന്നു.

പള്ളിയറ ശ്രീധരൻ
ഡയറക്ടർ



വര: സുജയ് സുധാകരൻ

കവിത

# കടൽകളി

വിനോദ് വൈശാഖി

ആകാശമേ, നീ-
മുഖം മിനുക്കും കടൽ-
തീരത്തു പിച്ചവയ്-
ക്കുന്നു മക്കൾ

മീനുപോൽ തുള്ളി-
ക്കളിക്കുന്ന ശൈശവം
പന്തുപോൽ പൊന്തി-
വീഴുന്ന ബാല്യം!

കിളിക്കാൻ വരുന്നോ
കളിക്കൂട്ടുകാരേ...
പറക്കുന്ന പന്തെ
പരുന്തായി റാഞ്ചാം!

ഈർക്കിലുകൾ ചീകി-
യുറപ്പിച്ച മണ്ണിൽ,
ഇടം കയ്യുവീശി-
പ്പറത്തുന്ന പന്തിൻ
വേഗം തൊടുക്കും
മടൽ ബാറ്റുമേന്തി
മൈതാനമധ്യേ
നിറഞ്ഞാടി മക്കൾ

മഴയിൽ നനഞ്ഞും
വെയ്‌ലിൽ കറുത്തും
ഞണ്ടെപ്പിടിച്ച് നങ്കൂരമിട്ടും
*കൊട്ട്റോളുപോലെ
കുഴിത്തട്ടിലാഴ്ത്തും
സ്വരവ്യഞ്ജനങ്ങൾ
എഴുതിയും മായ്ച്ചും
തിരപ്പാട്ടു വീശി-
കളിക്കും സമുദ്രം!

*കൂരിമുൾപെൻസിൽ
അടർത്തുന്ന ജീവൻ
പിടയ്ക്കുന്ന കാഴ്ച-
കണ്ടാർക്കും കുരുന്നേ!

സ്ലേറ്റിൽ വരയ്ക്കെ
കടലൊന്നിളകി-
തിരത്തൊട്ടിലാടി
കേട്ടോ! കരച്ചിൽ



സൂചന:
*കൊട്ട്റോൾ -മോൾ ക്രാബ്(Mole crab) സിലിണ്ടറാകൃതിയിലുള്ള, വേഗത്തിലോടി മണലിൽ കുഴിയുണ്ടാക്കി കളിക്കുന്ന ചെറിയ ഞണ്ടു പോലെയുള്ള കടൽജീവി.
*കൂരിമുൾ പെൻസിൽ - സീ അർച്ചിൻ(Sea urchin) എന്ന ജീവിയുടെ മുള്ളാണ്. സ്ലേറ്റിൽ എഴുതി പഠിച്ചിട്ടുണ്ട്.

# സാനു മാഷ്:

## ജ്ഞാനത്തിന്റെ വിളക്കുമാടം

'സാനു മാഷ്' എന്ന് മലയാളികൾ സ്നേഹപൂർവ്വം വിളിക്കുന്ന പ്രൊഫ. എം കെ സാനു രചിച്ച അവസാനത്തെ പുസ്തകം കേരളീയ നവോത്ഥാനത്തിന്റെ അധികമാരും അറിയാത്ത ഒരു പ്രകാശനാളത്തിന്റെ ജീവിതത്തെയും സംഭാവനകളെയും കുറിച്ചായിരുന്നു. വാഗ്ഭടാനന്ദനും പണ്ഡിറ്റ് കറുപ്പനും സഹോദരൻ അയ്യപ്പനും ഒപ്പം പ്രവർത്തിച്ച പാപ്പിക്കുട്ടി എന്ന തപസ്വിനി അമ്മയെ കുറിച്ചായിരുന്നു ആ പുസ്തകം. അഗതികൾക്ക് വേണ്ടി ജീവിതം സമർപ്പിച്ച തപസ്വിനി അമ്മയെ തന്റെ യുവത്വ കാലത്താണ് സാനു മാഷ് പരിചയപ്പെടുന്നതും ആത്മബന്ധം സ്ഥാപിക്കുന്നതും. തൊണ്ണൂറ്റി ഏഴാം വയസിൽ എഴുതി പൂർത്തിയാക്കിയ 'തപസ്വിനി അമ്മ: അബലകൾക്ക് ശരണമായി ജീവിച്ച പുണ്യവതി' നവോത്ഥാന കേരളത്തിന് സാനു മാഷ് നൽകിയ അവസാന ആദരമാണ്. 2025 ജൂണിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് പുസ്തകത്തിന്റെ പ്രകാശനം നിർവഹിച്ചത്.

ജീവിതം ഒന്നാകെ തന്നെ വായനയ്ക്കും എഴുത്തിനും പ്രഭാഷണത്തിനും സംവാദത്തിനും സംഭാഷണത്തിനും വേണ്ടി ചിലവഴിച്ച അപൂർവ്വ പ്രതിഭകളിൽ ഒരാളാണ് സാനു മാഷ്. താൻ പറയുന്നതും എഴുതുന്നതും കൊണ്ട് ഒരു പുൽക്കൊടിയിലെങ്കിലും ഊർജ്ജം പ്രസരിക്കണം എന്ന ലാഘവത്തോടെ അവസാന നാൾ വരെ വിശ്രമരഹിത ജീവിതത്തിൽ ആമഗ്നനായിരുന്നു മാഷ്.

സാഹിത്യ വിമർശകൻ, എഴുത്തുകാരൻ, അധ്യാപകൻ, പ്രഭാഷകൻ, ജീവചരിത്രകാരൻ, ബാലസാഹിത്യകാരൻ, വിവർത്തകൻ, പൊതുപ്രവർത്തകൻ എന്നീ നിലകളിൽ മലയാള സാഹിത്യത്തിലും സാംസ്കാരിക രംഗത്തും അനിഷേധ്യമായ സ്ഥാനം നേടിയ വ്യക്തിത്വമാണ് പ്രൊഫ. എം കെ സാനു. കഴിഞ്ഞ എട്ട് പതിറ്റാണ്ടായി മലയാളികളുടെ ഒപ്പം നടക്കുന്ന സാനു മാഷ് തന്റെ എഴുത്തുകളിലൂടെയും പ്രസംഗങ്ങളിലൂടെയും തലമുറകളെ സ്വാധീനിച്ചു. കേരളത്തിന്റെ സാംസ്കാരികബൗദ്ധിക ചരിത്രത്തെ സമ്പന്നമാക്കിയ അദ്ദേഹം ശ്രീനാരായണ ഗുരുവിന്റെ തത്വചിന്തയും ഇടതുപക്ഷ ആശയങ്ങളും ജീവിതത്തിന്റെയും രചനകളുടെയും അടിത്തറയാക്കി.

1928 ഒക്ടോബർ 27ന് ആലപ്പുഴ തുമ്പോളിയിൽ എം സി കേശവന്റെയും കെ പി ഭവാനിയുടെയും മകനായി എം കെ സാനു ജനിച്ചു. അകാലത്തിൽ പിതാവ് മരണപ്പെട്ടതോടെ ദാരിദ്ര്യവും പ്രതിസന്ധികളും നിറഞ്ഞ ബാല്യമായിരുന്നു കൊച്ചു സാനുവിന്റേത്. സ്വാതന്ത്ര്യ പ്രക്ഷോഭങ്ങൾകൊണ്ടും ജാതി വിരുദ്ധ സമരങ്ങൾ കൊണ്ടും തൊഴിലാളി പ്രക്ഷോഭങ്ങൾ കൊണ്ടും പ്രക്ഷുബ്ദമായ കാലമായിരുന്നു എം കെ സാനുവിന്റെ കൗമാരത്തെയും യുവത്വത്തെയും വാർത്തെടുത്തത്.

തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്ന് മലയാളത്തിൽ എം എ ബിരുദം ഒന്നാം റാങ്കോടെ നേടിയ എം കെ സാനു 1955ൽ കൊല്ലം ശ്രീനാരായണ കോളേജിൽ അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. കൊല്ലം, കോട്ടയം, ചിറ്റൂർ, കോഴിക്കോട്, എറണാകുളം എന്നിവിടങ്ങളിലെ സർക്കാർ കോളേജുകളിൽ സേവനമനുഷ്ഠിച്ച പ്രൊഫ. എം കെ സാനു 1983ൽ എറണാകുളം മഹാരാജാസ് കോളേജിൽ നിന്നും വിരമിച്ചു.

മഹാ വ്യാധിക്കാലത്ത് ആഫ്രിക്കയിലെ പാവങ്ങൾക്കി

ടയിൽ ജീവിതം ഹോമിച്ച ആൽബർട്ട് ഷ്വൈറ്റ്സർ എന്ന ഭിഷഗ്വരനെക്കുറിച്ച് 1967ൽ എഴുതിത്തുടങ്ങിയ സാനു മാഷ് എഴുത്തിന്റെ വിവിധ മേഖലകളിൽ എഴുപതോളം കൃതികൾ രചിച്ചു. ശ്രീനാരായണ ഗുരുവിന്റെ സമ്പൂർണ ജീവചരിത്രം രചിക്കാൻ 1956ൽ തന്നെ സാനു മാഷ് അരുവിപ്പുറത്ത് പോവുകയും അവിടെ താമസിച്ച് വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു എന്നത് എഴുത്തിനോടും ശ്രീനാരായണദർശങ്ങളോടും അദ്ദേഹത്തിനുള്ള ആത്മസമർപ്പണത്തിന്റെ തെളിവാണ്. 'ഭാവി തലമുറക്കു വേണ്ടി അനുഷ്ഠിച്ച സേവനം' എന്നാണ് വി ടി ഭട്ടതിരിപ്പാട് ഈ ഗ്രന്ഥത്തെ പ്രകീർത്തിച്ചത്. ചങ്ങമ്പുഴയുടെ ജീവിതവും കവിതയും വിശകലനം ചെയ്യുന്ന 'ചങ്ങമ്പുഴ കൃഷ്ണപിള്ള: നക്ഷത്രങ്ങളുടെ സ്നേഹഭാജനം', വൈക്കം മുഹമ്മദ് ബഷീറിന്റെ ജീവചരിത്രമായ 'ബഷീർ: ഏകാന്തവീഥിയിലെ അവധൂതൻ' എന്നീ ഗ്രന്ഥങ്ങൾ മലയാള സാഹിത്യലോകത്തിന് സാനു മാഷ് സ്ഥാപിച്ച നാഴികക്കല്ലുകളാണ്. ഈ കൃതികൾക്ക് യഥാക്രമം വയലാർ അവാർഡും കേന്ദ്ര സാഹിത്യ അക്കാദമി അവാർഡും അദ്ദേഹത്തിന് നേടിക്കൊടുത്തു.

ശ്രീനാരായണ ഗുരു, സഹോദരൻ അയ്യപ്പൻ, യുക്തിവാദി എം സി ജോസഫ് തുടങ്ങിയവരുടെ ജീവചരിത്രങ്ങൾ രചിച്ചിട്ടുള്ള പ്രൊഫ. എം കെ സാനുവിന്റെ പ്രധാനപ്പെട്ട കൃതികൾ ഇവയാണ്: കാറ്റും വെളിച്ചവും, അശാന്തിയിൽ നിന്ന് ശാന്തിയിലേക്ക്, ആശാൻ പഠനത്തിന് ഒരു മുഖവുര, മൃത്യുഞ്ജയം കാവ്യജീവിതം, അസ്തമിക്കാത്ത വെളിച്ചം (ആൽബർട്ട് ഷ്വൈറ്റ്സറുടെ ജീവചരിത്രം), ഉറങ്ങാത്ത മനീഷി (പി കെ ബാലകൃഷ്ണന്റെ ജീവചരിത്രം), കുമാരനാശാന്റെ നളിനി വിശുദ്ധാനുരാഗത്തിൽ തെളിയുന്ന ദിവ്യദീപ്തി, അയ്യപ്പപ്പണിക്കരും അയ്യപ്പപ്പണിക്കരും, സാഹിത്യദർശനം, കേസരി ഒരു കാലഘട്ടത്തിന്റെ സ്രഷ്ടാവ്, സി ജെ തോമസ് ഇരുട്ടുകീറുന്ന വജ്രസൂചി, കാവ്യതത്വ പ്രവേശിക.

കേരളസാഹിത്യ അക്കാദമി അവാർഡ് (1985), വയലാർ അവാർഡ് (1992), ആശാൻ അവാർഡ് (1994), വൈലോപ്പിള്ളി അവാർഡ്(2003), കേരള സാഹിത്യഅക്കാദമി: സമഗ്ര സംഭാവന (2005), കേരള സാഹിത്യ അക്കാദമി വിശിഷ്ടാംഗത്വം (2007), കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് (2010), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (2011), എഴുത്തച്ഛൻ പുരസ്കാരം (2013) എന്നിങ്ങനെ നിരവധി പുരസ്ക്കാരങ്ങൾ നേടിയിട്ടുള്ള പ്രൊഫ. എം കെ സാനുവിനെ സംസ്ഥാന സർക്കാരിന്റെ പരമോന്നത പുരസ്കാരമായ കേരളജ്യോതി നൽകി 2024ൽ കേരളം ആദരിച്ചു.

1986ൽ പുരോഗമന കലാസാഹിത്യ സംഘത്തിന്റെ സംസ്ഥാന പ്രസിഡന്റായി സാംസ്കാരിക കേരളത്തിന് നേതൃത്വം നൽകിയ സാനു മാഷ് 1988–1991 കാലഘട്ടത്തിൽ കേരള സാഹിത്യ അക്കാദമി പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 1987ൽ എറണാകുളം മണ്ഡലത്തിൽ നിന്ന് ഇടതുപക്ഷ പിന്തുണയോടെ സ്വതന്ത്ര സ്ഥാനാർത്ഥിയായി നിയമസഭാംഗമായി.

കർമ്മഗതി എന്നാണ് സാനു മാഷിന്റെ ആത്മകഥയുടെ പേര്. 'അന്യജീവനുതകീ സ്വജീവിതം ധന്യമാക്കുമമലേ വിവേകികൾ' എന്ന മഹാകവി കുമാരനാശാന്റെ വരികളിലെ ദർശനം കർമ്മം കൊണ്ട് സ്വജീവിതത്തിൽ പ്രാവർത്തികമാക്കിയ ജ്ഞാനത്തിന്റെ വിളക്കുമാടമായ പ്രൊഫ. എം കെ സാനു 2025 ആഗസ്റ്റ് 2ന് അന്തരിച്ചു.





# ഒരു പൂക്കൂടയുടെ ഓർമയ്ക്ക്

**സിതാര എസ്**

**എനിക്കും ഓണപ്പൂക്കൾ ഇടാൻ ഒരു പൂക്കൂടവേണം. അതിന്റെ ആകൃതി ഏകദേശം ഒക്കെ മനസ്സിലുണ്ട്, പക്ഷേ അങ്ങനെ ഒരു സാധനം ഞാൻ ഇതുവരെ കണ്ടിട്ടില്ല. ആ ഓണത്തിന് ഉണ്ണിക്കുട്ടന്റെ പൂക്കൂട പോലത്തെ ഒരു കൂട എനിക്കും വേണം എന്ന് പറഞ്ഞ് ഞാൻ വീട്ടുകാരെ സമ്മർദ്ദത്തിലാക്കി.**




ഓണം എന്ന സങ്കൽപ്പവുമായി ബന്ധപ്പെട്ട് ഗൃഹാതുരവും മനോഹരവുമായ ഓർമ്മകൾ ഇല്ലാത്ത മലയാളികൾ ചുരുക്കമായിരിക്കും. ഞാനും അതിൽ നിന്ന് വ്യത്യസ്തയല്ല. ഓണത്തെ സംബന്ധിച്ചുള്ള എല്ലാ ഓർമ്മകളിലും വെച്ച് എനിക്ക് ഏറ്റവും പ്രിയപ്പെട്ടത് കുട്ടിക്കാലത്തെ ഓണക്കാലങ്ങളിൽ എന്നെ വന്നു തൊട്ട ചില അനുഭവങ്ങളാണ്.

ഒരുപാട് വർഷങ്ങൾക്കു മുൻപ് കാസർകോടു ജില്ലയിലുള്ള കാടകം എന്ന കൊച്ചു ഗ്രാമത്തിൽ ആയരുന്നു ഞാൻ എന്റെ ബാല്യകാലം ചിലവഴിച്ചത്. എന്റെ മാതാപിതാക്കൾ അന്ന് അവിടെയുള്ള ഒരു സ്കൂളിൽ അധ്യാപകരായി ജോലി ചെയ്യുകയാണ്. ഞാൻ ജനിച്ചു വളർന്ന ആ കുഗ്രാമത്തിൽ അന്ന് വൈദ്യുതി പോലും ഉണ്ടായിരുന്നില്ല. തൊട്ടടുത്തുള്ള പട്ടണത്തിലേക്ക് കിലോമീറ്ററുകളോളം സഞ്ചരിക്കണം. എന്തിന്, തൊട്ടടുത്തുള്ള ബസ്റ്റോപ്പിൽ എത്തണമെങ്കിൽ പോലും ഒരു മണിക്കൂറിലേറെ നടക്കണം. എന്റെയാ ഗ്രാമം വളരെ മനോഹരമായ ഒന്നായിരുന്നു. നിറയെ കുന്നുകൾ, തോപ്പുകൾ, കരിമ്പച്ച പുതച്ച താഴ്വരകൾ, പരന്നുകിടക്കുന്ന പാടങ്ങൾ, കുത്തിയൊഴുകുന്ന തോടുകൾ, പൂക്കൾ നിറഞ്ഞു മിനുങ്ങിക്കിടക്കുന്ന കരിമ്പാറക്കൂട്ടങ്ങൾ. അന്നെനിക്കവിടെ നിറയെ കൂട്ടുകാർ ഉണ്ടായിരുന്നു. സ്കൂളിലേക്ക് പോകുമ്പോഴും വരുമ്പോഴും ഉള്ള എന്റെ യാത്രകൾ പ്രകൃതിയെ കൂടുതൽ സ്നേഹിക്കാനുള്ള അനുഭവ പാഠങ്ങളായി മാറി. അവിടുത്തെ ഉത്സവകാലങ്ങളും മറക്കാനാവുന്നതല്ല. പ്രത്യേകിച്ച് ഓണക്കാലം. വടക്കൻ ഗ്രാമങ്ങളിൽ വ്യാപകമായി കണ്ടുവന്നിരുന്ന ഒരു കലാരൂപമാണ് പൂരക്കളി. പ്രത്യേകമായി എഴുതപ്പെട്ട കാവ്യ ഭംഗിയുള്ള പാട്ടുകൾ പാടിക്കൊണ്ട് ആളുകൾ വട്ടത്തിൽ നിന്ന് കളിക്കുന്ന ഒന്നായിരുന്നു അത്. ഓണക്കാലം അടുക്കുമ്പോൾ പൂരക്കളിപ്പാട്ടുകൾ അവിടങ്ങളിൽ നിറയെ മുഴങ്ങി കേൾക്കാം. പൂക്കളുടെ കാര്യം പിന്നെ പറയുകയേ വേണ്ട. നാട്ടിൻ പ്രദേശമായതിനാൽ തന്നെ എല്ലാ തൊടികളിലും നിറച്ചും പൂക്കൾ ആയിരിക്കും. അന്ന് നിറയെ

പൂത്തു നിന്നിരുന്ന പല പൂക്കളുടെയും നാടൻ പേരുകൾ കുട്ടിയായിരുന്ന എനിക്ക് മുഴുവനായി അറിയില്ലായിരുന്നു. അവയിൽ പലതും ഇന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഇന്ന് ഓണക്കാല കമ്പോളങ്ങളിൽ നിറയുന്നത് മറുനാട്ടിൽ നിന്നുംവരുന്ന ജമന്തികളും മല്ലിപ്പൂക്കളും ആണ്. എന്നാൽ അന്ന് വീടുകളിലും തൊടികളിലും നിന്ന് ശേഖരിക്കുന്ന നാടൻ പൂക്കൾ മാത്രമേ പൂക്കളമുണ്ടാക്കാൻ ഉപയോഗിച്ചിരുന്നുള്ളൂ. അവ തന്നെ വേണ്ടതിലധികം ഉണ്ടായിരുന്നു താനും.

ഞങ്ങളുടെ മുറ്റത്തിന്റെ അതിരിൽ നിറയെ പൂത്തുനിൽക്കുന്ന ഒരു പാരിജാതം ഉണ്ടായിരുന്നു. തുടുത്ത ഓറഞ്ച് തണ്ടുകളും കൂണുപോലെ പൊങ്ങി മൃദുലമായ വെളുത്ത ഇതളുകളുമായി അവ മുറ്റം നിറയെ വീണു കിടക്കും. മരം ഒന്നു കുലുക്കിയാൽ പിന്നെ പൂക്കളുടെ ഒരു പെരുമഴയായി. മഴക്കാലത്ത് പരിജാതത്തിന്റെ ഓറഞ്ച് തണ്ടുകൾ ജലത്തുള്ളികൾ കയറി വീർത്തു വരും. അപ്പോൾ അതിനെക്കാണാൻ ഒരു പ്രത്യേക ചന്തമാണ്. വീട്ടുമുറ്റത്തിന്റെ അറ്റത്തായി ചേർന്നു കിടക്കുന്ന വേലികെട്ടി മറച്ച കിണറിന് അരികിൽ ഞങ്ങൾക്ക് ഒരു ചെമ്പകം ഉണ്ടായിരുന്നു. വെളുത്ത ഇതളുകളിലേക്ക് നനുത്ത മഞ്ഞ രേഖകൾ അലിഞ്ഞിറങ്ങുന്ന ചെമ്പക പൂവുകൾ അതിന്റെ സുഗന്ധം കൊണ്ട് എല്ലാവരെയും കൊതിപ്പിക്കും. കിണറിലേക്ക് വെള്ളം കോരാൻ പോകുമ്പോൾ ചെരിപ്പില്ലാത്ത കാലടികൾക്കടിയിൽ അവ പതിഞ്ഞു മയങ്ങിക്കിടക്കും ചിലപ്പോഴൊക്കെ



ചെമ്പകങ്ങൾ പെറുക്കിയെടുത്ത് ഞാൻ എന്റെ രണ്ടായിമെടഞ്ഞു മടക്കി കെട്ടിയ തലമുടിയിലേക്ക് തിരുകും. അതിന്റെ സുഗന്ധം മുടിയിൽ നിന്നും ദിവസങ്ങൾ കഴിഞ്ഞാലും പോവില്ല.

ഞങ്ങളുടെ വലിയ തൊടിയുടെ മൂലയ്ക്കായി, നിറച്ചും പൂത്തു നിൽക്കുന്ന കുറേ കിരീടപ്പൂച്ചെടികൾ ഉണ്ടായിരുന്നു. കിരീടപൂവിന് പൊതുവേ ഒരു രൗദ്രഭാവം ആണല്ലോ. ചുവപ്പിൽ മിനുങ്ങി മിനുങ്ങി ഒരുതരം വന്യഗന്ധം പുറപ്പെടുവിച്ചുകൊണ്ട് നിൽക്കുന്ന അക്കൂട്ടരെ സാധാരണഗതിയിൽ ആരും പൂക്കളുടെ ഗണത്തിൽ തന്നെ പെടുത്തിക്കാണാറില്ല പക്ഷേ ഓണക്കാലത്ത് അവർക്ക് ഒരിത്തിരി സ്ഥാനക്കയറ്റം കിട്ടും. അപ്പാടെ പറിച്ചു കൊണ്ടുവന്ന ഒരു പൂക്കുടന്നയെ തണ്ടുകളായി അടർത്തി ഇതളുകൾ പെറുക്കി പൂക്കളത്തിലും സ്ഥാനം കൊടുക്കാം.

അത്തം തൊട്ട് തുടങ്ങുന്ന ഓണപ്പൂക്കളങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട രണ്ട് ഘടകങ്ങളാണ് തുമ്പയും മുക്കുറ്റിയും. ഇന്ന് അവയെ എവിടെയും കാണാനില്ല. നിർമ്മലമായ രൂപഭാവാദികൾ ഉള്ള തുമ്പ അന്ന് ഞങ്ങളുടെ തൊടിയിലും ചുറ്റുവട്ടങ്ങളിലും സമൃദ്ധമായി ഉണ്ടായിരുന്നു. കുഞ്ഞുചെടികളിൽ വിരിയുന്ന വെളുത്ത കുഞ്ഞു പൂക്കളെ നിലത്തിരുന്ന് പറിച്ചെടുക്കാൻ നല്ല ക്ഷമ വേണം. ഒരു കൈക്കുടന്ന നിറയെ തുമ്പപ്പൂക്കൾ ലഭിക്കാൻ മണിക്കൂറുകൾ കാക്കണം. എങ്കിലും ഒരു മടിയുമില്ലാതെ ഞങ്ങൾ കുട്ടികൾ ആഹ്ലാദത്തോടെ തന്നെ അത് ചെയ്തിരുന്നു. മുക്കുറ്റിയുടെ കാര്യവും വ്യത്യസ്തമല്ല. സ്വർണ നിറത്തിലുള്ള മുക്കുറ്റി പറമ്പിലും പാടത്തിന്റെ അതിരുകളിലും സമൃദ്ധമായി

പൂത്തുനിൽക്കുന്നത്
കാണാം. ചേമ്പില കുത്തി
കുമ്പിളാക്കി അത്തം
തുടങ്ങുമ്പോൾത്തന്നെ
ഞങ്ങൾ കുട്ടികൾ
വൈകുന്നേരങ്ങളിലും അതി
രാവിലെകളിലും മുക്കുറ്റി തേ
ടിയിറങ്ങും. ഇലകൾ അടക്കം
പറിച്ചെടുക്കുന്നത് കൊണ്ടാ
വണം കുമ്പിൾ നിറയ്ക്കാൻ
തുമ്പ ശേഖരിക്കുന്ന
അത്രയും ബുദ്ധിമുട്ടില്ല.
എന്നാലും അത് അത്ര
എളുപ്പവുമല്ല.

പൂക്കളങ്ങൾക്ക് മാറ്റു
കൂട്ടിയിരുന്ന മറ്റൊരു പൂവ്
ഞങ്ങളുടെ ഗ്രാമത്തിൽ
ഒരുപാടുണ്ടായി
രുന്ന കരിമ്പാറക്കൂട്ട
ങ്ങൾക്കു മുകളിൽ സമുദ്രം
പോലെ പരന്നു കിടക്കുന്ന
കാക്കപ്പൂവാണ്. അത്ര
യും ഭംഗിയുള്ള നീല
ഞാൻ വേറെ എവിടെയും
കണ്ടിട്ടില്ല. ഓണ ദിവസങ്ങ
ളിൽ അതിരാവിലെ എണീച്ച്
ഞങ്ങൾ കുട്ടികൾ ആ
പാറക്കൂട്ടങ്ങളിലേക്ക്
ഓടും. മറ്റാരും വരുന്നതി
നുമുമ്പ് കാക്കപ്പൂ പറിച്ചെ
ടുക്കണം എന്നതാണ്
ലക്ഷ്യം. എത്ര നേരത്തെ
പോയാലും അവിടെ
എത്തുമ്പോഴേക്കും എല്ലാ
വരും അവിടെ ഉണ്ടാകും.
എന്നാലും കാക്കപ്പൂക്കളുടെ
നീല സമുദ്രം ഒരിക്കലും
വറ്റിപ്പോയില്ല. ഞങ്ങൾ
ക്കൊക്കെ ആവശ്യമുള്ളതും
അതിലേറെയും പൂക്കൾ
അതെപ്പോഴും തന്നു.

പൂക്കളത്തിൽ അംഗ
മാകുന്ന മറ്റൊരു പൂവ്
നന്ത്യാർവട്ടമായിരുന്നു.
തുമ്പയുടെ അത്രയും നിറമി
ല്ലെങ്കിലും ഭംഗിയുള്ള ഒരു
വെൺമയോടെ പുലർകാല
ങ്ങളിൽ അതങ്ങനെ പൂത്തു
നിറഞ്ഞു നിൽക്കും. മറ്റൊന്ന്
തീജ്വാല പോലെ ഓറഞ്ചിൽ
ജ്വലിക്കുന്ന കനകാംബരങ്ങ
ളാണ്. അതിന്റെ ഒരു കുഞ്ഞു
ചെടി മാത്രമേ പറമ്പി
ലുള്ളൂ. എങ്കിലും പൂക്കള
ത്തിന്റെ ചില അലങ്കാര പണി
കൾക്ക് ആവശ്യമുള്ളത്ര
പൂവുകൾ അതിൽ നിന്നും
കിട്ടും. പിന്നെയും പേര് അറി
യാത്ത പലതരം പൂവുകൾ
തൊടികളിൽ ഉണ്ടാവാറുണ്ട്.
ഓരോന്നിനും പൂക്കളത്തിന്റെ
വലിപ്പവും സ്വഭാവവും
ഒക്കെ അനുസരിച്ച് അതിൽ
ഇടം കൊടുക്കും.

പൂ തേടൽ കഴി
ഞ്ഞാൽ പിന്നെ പൂക്കളമിട
ലാണ് പരിപാടി. വലിയ
കലാബോധം ഒന്നുമില്ലാത്ത
കൊച്ചു കുട്ടിയാണല്ലോ
അന്ന്... അതുകൊണ്ടുതന്നെ
എന്റെ പൂക്കളം
അപ്പുറത്തെ വീട്ടുകാ
രുടെ വമ്പൻ കളത്തിനു
മുന്നിൽ ഇടിഞ്ഞു പോയോ
എന്ന് ചിലപ്പോഴൊക്കെ
ഞാൻ അസൂയയോടെ
സങ്കടപ്പെടും. ഏയ് അതൊ
ന്നുമില്ല ഇത് കലക്കൻ
ആണെന്ന് കൂട്ടു
കാരും വീട്ടുകാരും ആശ്വ
സിപ്പിക്കും.

അങ്ങനെയിരിക്കെ
ഒരോണക്കാലത്താണ്
ഞാൻ നന്തനാരുടെ
'ഉണ്ണിക്കുട്ടന്റെ ലോകം'
എന്ന പുസ്തകം വായി
ക്കുന്നത്. അതിൽ ഉണ്ണി
ക്കുട്ടന്റെ ഓണക്കാ
ലത്തെക്കുറിച്ച് വിശ
ദമായി പറയുന്നുണ്ട്.
തൊടികളിൽ പൂ പറി
ക്കാൻ പോകുന്ന
ഉണ്ണിക്കുട്ടൻ ഒരു കൊച്ചു
പൂക്കൂടയിൽ ആണ് പൂക്ക
ളെല്ലാം ശേഖരി
ക്കുന്നത്. ആ ഭാഗങ്ങൾ
വായിച്ചു പോകവേ, പൂക്കൂട
എന്ന ആ വാക്ക് വല്ലാ



വര: റോണി ദേവസ്യ



ത്തൊരു ശക്തിയോടെ
എന്റെ മനസ്സിലേക്ക്
ആഞ്ഞു തറച്ചു. അത് പിന്നെ
ഒരുതരം ഭ്രമം പോലെയായി.
എനിക്കും ഓണപ്പൂക്കൾ
ഇടാൻ ഒരു പൂക്കൂടവേണം.
അതിന്റെ ആകൃതി
ഏകദേശം ഒക്കെ മന
സ്സിലുണ്ട്, പക്ഷേ
അങ്ങനെ ഒരു സാധനം
ഞാൻ ഇതുവരെ കണ്ടിട്ടില്ല.
ആ ഓണത്തിന് ഉണ്ണി
ക്കുട്ടന്റെ പൂക്കൂട
പോലത്തെ ഒരു കൂട
എനിക്കും വേണം എന്ന്
പറഞ്ഞു ഞാൻ വീട്ടു
കാരെ സമ്മർദ്ദത്തിലാക്കി.
കാസർഗോഡ് പട്ട
ണത്തിൽ ജോലി ചെയ്യുന്ന
ഞങ്ങളുടെ ഒരു കുടുംബ
സുഹൃത്ത് പട്ടണം മുഴുവൻ
പൂക്കൂട തപ്പി അലഞ്ഞു
നടന്നു, കിട്ടിയില്ല. അന്ന്
ആ കാലത്ത് പ്രത്യേകിച്ച്
ആ നാട്ടിൻ പ്രദേശങ്ങളിൽ
പൂക്കൂട എന്ന സങ്കല്പം
തികച്ചും അന്യമായ
ഒന്നായിരുന്നു എന്ന്
തോന്നുന്നു. ഞങ്ങളുടെ കു
ടുംബ സുഹൃത്ത് കാസർ
ഗോഡ് നിന്നും തിരിച്ചു
വരുന്ന ഓരോ
വൈകുന്നേരങ്ങളിലും
പ്രതീക്ഷയോടെ,
ആശയോടെ, ഞാൻ
കാത്തുനിന്നിരുന്നതും
ഓടിപ്പോയി കൈകളിലേക്ക്
നോക്കി ശൂന്യമാണെന്ന്
കണ്ട് നിരാശയിൽ കരഞ്ഞു
നിലവിളിച്ചിരുന്നതും
ഇപ്പോൾ ചിരിയോടെ
ഓർക്കുന്നു. എന്റെ കരച്ചിൽ
സഹിക്കാൻ വയ്യാതെ, തൊട്ട
ടുത്ത വീട്ടിലെ കൃഷ്ണേട്ടൻ
കശുവണ്ടി പെറുക്കാൻ
ഉപയോഗിക്കുന്ന ഒരു ഓല
മെടഞ്ഞ കൊട്ട എനിക്ക്
കൊണ്ടുവന്നു തന്നു.
സംഭവം പുതിയതാണ്,

വൃത്തിയുണ്ട്. പക്ഷേ എന്റെ
സങ്കല്പത്തിലെ സുന്ദരൻ
കൂടയുടെ ഏഴയലത്ത്
പോലും ഇത് വരില്ലല്ലോ
എന്ന് ഞാൻ സങ്കടപ്പെട്ടു.
പോരാത്തതിന് ഭയങ്കര
വലിപ്പവും. പക്ഷേ
എന്തു ചെയ്യാൻ! നിവൃത്തി
യില്ലാതെ ഞാൻ അതിനെ
എന്റെ പൂക്കൂടയായി
സ്വീകരിച്ചു. അതുമെടുത്തു
ഗമയോടെ പൂ പറിക്കാൻ
പോയി. നാട്ടിലുള്ള പൂക്കൾ
മുഴുവൻ പറിച്ചിട്ടാലും
നിന്റെ കുട്ടകത്തിന്റെ പകുതി
പോലും നിറയില്ലല്ലോ എന്ന്
ചിലരൊക്കെ കളിയാക്കി.
സങ്കടമായെങ്കിലും ഞാൻ
മൈൻഡ് ചെയ്തില്ല. എന്റെ
പൂക്കൂട അപ്പോഴേക്കും
എനിക്കിഷ്ടമായി
ത്തുടങ്ങിയിരുന്നു. തൊടി
യിലെയും പറമ്പുകളിലെയും
പാറക്കൽമേടുകളിലെയും
പൂക്കൾ പറിച്ചിട്ട് ഞാന
തുമായി ഒരാത്മബന്ധം
സ്ഥാപിച്ചു കഴിഞ്ഞു. ഇനി
ആര് കളിയാക്കിയാൽ എന്ത്?
രണ്ടുമൂന്നു വർഷങ്ങളോളം
ഓണക്കാലങ്ങളിൽ
ഞാൻ ആ പൂക്കൂട
ഉപയോഗിച്ചിരുന്നു. അല്പം
കൂടി വലുതായപ്പോൾ
എനിക്ക് അതിനോടുള്ള
താല്പര്യവും പോയി.
പിന്നീട് ഞങ്ങൾ ആ ഗ്രാമം
വിട്ട് പട്ടണത്തിലേക്ക്
താമസം മാറ്റിയപ്പോൾ ആ
കൂട മറ്റു പലവസ്തുക്ക
ളെയും പോലെ
ഗൃഹാതുരമായ ഒരു ഓർമ്മ
മാത്രമായി അവിടെ ഉപേക്ഷി
ക്കപ്പെടുകയും ചെയ്തു.
പിന്നീട് ഉണ്ണിക്കുട്ടന്റെ
ലോകം എപ്പോൾ വായി
ക്കുമ്പോഴും ഞാനെന്റെ കൂട
പ്രേമം ഓർക്കും. എന്റെ
ഉള്ളിൽ നനവുള്ള ഒരു ചിരി
വിടരും.

# മാതൃക അധ്യാപകൻ

## അബ്ദുൽ സലാം മണ്ണാർക്കാട്

**ഇന്ത്യയിൽ എല്ലാ വർഷവും സെപ്റ്റംബർ 5നാണ് അധ്യാപക ദിനം ആഘോഷിക്കുന്നത്. ഈ ദിവസം, ഇന്ത്യയുടെ മുൻ രാഷ്ട്രപതിയും വിശിഷ്ട അധ്യാപകനുമായ ഡോ. സർവേപ്പള്ളി രാധാകൃഷ്ണന്റെ ജന്മദിനത്തോടനുബന്ധിച്ചാണ് ആചരിക്കുന്നത്. അധ്യാപകരുടെ സമൂഹത്തിലെ അമൂല്യമായ സംഭാവനകളെ ആദരിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങളെ അംഗീകരിക്കുന്നതിനുമാണ് ഈ ദിനം സമർപ്പിക്കപ്പെട്ടിരിക്കുന്നത്.**

'**ഡോ**ക്ടർ രാധാകൃഷ്ണന്റെ അസാധാരണമായ കഴിവുകൾ പലവിധത്തിൽ നമ്മുടെ രാജ്യത്തിന് സമർപ്പിച്ചിട്ടുണ്ട്. നമ്മളെ പഠിപ്പിക്കുകയും പലരിൽ നിന്നും പഠിക്കുകയും ചെയ്ത മഹാനായ അധ്യാപകനായിരുന്നു രാധാകൃഷ്ണൻ. ഇന്ത്യ കണ്ടതിൽ വെച്ചേറ്റവും ശ്രേഷ്ഠനായ ഒരു തത്വചിന്തകനും വിദ്യാഭ്യാസ വിചക്ഷണനും മനുഷ്യസ്നേഹിയുമാണ് നമ്മുടെ പ്രസിഡന്റ്. അദ്ദേഹത്തിന്റെ രാഷ്ട്രപതി സ്ഥാനം കൊണ്ട് രാജ്യവും അനുഗ്രഹിക്കപ്പെടുകയാണ്.' നെഹ്റുവിന്റേതാണീ വാക്കുകൾ.

ഡോ. എസ് രാധാകൃഷ്ണന്റെ ജന്മദിനം ഇന്ത്യയിൽ ദേശീയ അധ്യാപക ദിനമായി ആചരിക്കുന്നു. 1888 സെപ്റ്റംബർ 5 നായിരുന്നു അദ്ദേഹത്തിന്റെ ജനനം.

ആന്ധ്രയിലെ തിരുത്താനി എന്ന പ്രദേശമാണ് അദ്ദേഹത്തിന്റെ ജന്മനാട്. അറിവിനെ സ്നേഹിക്കുകയും ലളിത ജീവിതം ചിട്ടപ്പെടുത്തി മാതൃകാപരമായ പ്രവർത്തനം കാഴ്ചവെക്കുകയും ചെയ്ത ബഹുമുഖ പ്രതിഭയായിരുന്നു അദ്ദേഹം.





ആ ജീവിതം വദ്യാർത്ഥികൾക്ക് മാതൃകാ പരമായിരുന്നു. അദ്ദേഹം വിദ്യാർത്ഥികളെ സ്നേഹിച്ചു, വാത്സല്യപൂർവം പെരുമാറി.

രാധാകൃഷ്ണൻ സൂര്യോദയത്തിനു വളരെ മുമ്പേ ഉണർന്നെണീക്കുമായിരുന്നു. ആദ്യത്തെ പരിപാടി ധ്യാനം. പ്രഭാത ധ്യാനം ഏകാഗ്രതയും ഓർമശക്തിയും ശക്തിപ്പെടുത്തി.

കുട്ടിക്കാലം മുതൽ വായന ലഹരിയായിരുന്നു. കോളേജ് പഠനകാലത്തു വായന ജീവിതത്തിന് അർത്ഥം നൽകി. സാഹിത്യ കൃതികൾ വളരെ ആർത്തിയോടെ വായിച്ചു തീർത്തു. കുട്ടിക്കാലം മുതൽ കവിത ഇഷ്ടമായിരുന്നു. ടാഗോറിന്റെ കവിതകൾ അദ്ദേഹത്തെ ആകർഷിച്ചു.

'ഗ്രന്ഥങ്ങളും അത് തുറന്നു കാട്ടുന്ന ലോകവും ഉണർത്തുന്ന സ്വപ്നങ്ങളായിരുന്നു എന്റെ സന്തത സഖാക്കൾ'എന്നദ്ദേഹം പറഞ്ഞിട്ടുണ്ട്. വിപുലമായ വായനയും ഉൾകാഴ്ചയോടുകൂടിയ അപഗ്രഥനവും രാധാകൃഷ്ണനെ ഗ്രന്ഥരചനക്കു പ്രാപ്തനാക്കി. 1908ൽ എം എയ്ക്ക് പഠിക്കുന്ന കാലത്ത് ആദ്യ പുസ്തകം പുറത്തിറക്കി. തത്വശാസ്ത്രജ്ഞരുടെ രാജാവ് എന്നാണ് അമേരിക്കൻ പ്രസിഡന്റ് കെന്നഡി അദ്ദേഹത്തെ വിശേഷിപ്പിച്ചത്.

'വിശ്വ ചരിത്രം മുങ്ങിത്തപ്പി മുത്തുകളെടുത്ത വ്യക്തിയാണ് രാധാകൃഷ്ണൻ'എന്ന് ലോകപ്രശസ്ത തത്വചിന്തകൻ ആർനോൾഡ് അഭിപ്രായപ്പെട്ടു.

1950 ജനുവരി 26ന് ഇന്ത്യ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിക്കുന്നതിനുള്ള പ്രവർത്തങ്ങളിൽ രാധാകൃഷ്ണനും സജീവമായിരുന്നു . തിരഞ്ഞെടുപ്പിനു ശേഷം പ്രഥമ രാഷ്ട്രപതിയായി രാജേന്ദ്രപ്രസാദും ഉപരാഷ്ട്രപതിയായി രാധാകൃഷ്ണനും തിരഞ്ഞെടുക്കപ്പെട്ടു. 1962ൽ ഡോ.എസ് രാധാകൃഷ്ണൻ രാഷ്ട്രപതിയായി.

രാധാകൃഷ്ണൻ ദാനശീലനായിരുന്നു. ഉപരാഷ്ട്രപതിയായിരിക്കുമ്പോൾ പാരമ്പര്യമായി കിട്ടിയ പഴയ വീടും 10000 രൂപയും സംഭാവന നൽകി ഒരു പൊതു ഗ്രന്ഥാലയം സ്ഥാപിക്കണമെന്നു അദ്ദേഹം നിർദ്ദേശിച്ചു. അദ്ദേഹം ജനിച്ചു വളർന്ന വീടിനു മുന്നിൽ ഒരു ഗ്രന്ഥാലയവും സാംസ്കാരിക കേന്ദ്രവും സ്ഥാപിക്കപ്പെട്ടു.

'ജ്ഞാന സമ്പാദനവും വിദ്യാഭ്യാസവും മഹത്തായ സാഹിത്യ സൃഷ്ടികളും തപസ്സിനു സമമായ ഏകാന്തതയിലൂടെ മാത്രമേ നേടാൻ കഴിയൂ'എന്നദ്ദേഹം വിശ്വസിച്ചിരുന്നു.

കവിത



# മഞ്ഞയെന്തോരം മഞ്ഞ

എം ആർ രേണുകുമാർ

മഞ്ഞയെന്തോരം മഞ്ഞ
നാരാങ്ങായുടെ മഞ്ഞ
മഞ്ഞയെന്തോരം മഞ്ഞ
ഞാലിപ്പൂവന്റെ മഞ്ഞ.

മഞ്ഞയെന്തോരം മഞ്ഞ
മാങ്ങാപ്പഴത്തിന്റെ മഞ്ഞ
മഞ്ഞയെന്തോരം മഞ്ഞ
ചക്കപ്പഴത്തിന്റെ മഞ്ഞ.

മഞ്ഞയെന്തോരം മഞ്ഞ
കപ്പലുമാങ്ങാടെ മഞ്ഞ
മഞ്ഞയെന്തോരം മഞ്ഞ
പപ്പായ തന്നുടെ മഞ്ഞ.

മഞ്ഞയെന്തോരം മഞ്ഞ
കച്ചിത്തുറുവിന്റെ മഞ്ഞ
മഞ്ഞയെന്തോരം മഞ്ഞ
മഞ്ഞക്കിളിയുടെ മഞ്ഞ.

മഞ്ഞയെന്തോരം മഞ്ഞ
മഞ്ഞച്ചേരതൻ മഞ്ഞ
മഞ്ഞയെന്തോരം മഞ്ഞ
മഞ്ഞക്കൂരിതൻ മഞ്ഞ.

മഞ്ഞയെന്തോരം മഞ്ഞ
മഞ്ഞളരച്ചതിൻ മഞ്ഞ
മഞ്ഞയെന്തോരം മഞ്ഞ
നെല്ലുവിളഞ്ഞതിൻ മഞ്ഞ.

മഞ്ഞയെന്തോരം മഞ്ഞ
കൊന്നപ്പൂവിന്റെ മഞ്ഞ
മഞ്ഞയെന്തോരം മഞ്ഞ
പൊന്നണിയുന്ന മഞ്ഞ.

മഞ്ഞയെന്തോരം മഞ്ഞ
ചന്ദ്രക്കലയുടെ മഞ്ഞ
മഞ്ഞയെന്തോരം മഞ്ഞ
മുറ്റത്തെമണലിൻ മഞ്ഞ.

മഞ്ഞയെന്തോരം മഞ്ഞ
ഓണക്കോടിതൻ മഞ്ഞ
മഞ്ഞയെന്തോരം മഞ്ഞ
ഓണത്തുമ്പിതൻ മഞ്ഞ.

മഞ്ഞയെന്തോരം മഞ്ഞ
ഓണവെയിലിന്റെ മഞ്ഞ
മഞ്ഞയെന്തോരം മഞ്ഞ
ഓണനിലാവിന്റെ മഞ്ഞ.



വര: വെങ്കി

# പ്ലാസ്റ്റോമിത്രൻ എന്ന റോബോട്ട്

## മനോജ് വെള്ളനാട്

**വീട്ടിലെത്തിയ ശേഷം, അവൾ ഓരോന്നും നന്നായി കഴുകി വൃത്തിയാക്കി. ഒരു പഴയ പ്ലാസ്റ്റിക് കണ്ടെയ്നർ ഉപയോഗിച്ച് അവൾ റോബോട്ടിന്റെ ശരീരം ഉണ്ടാക്കി. പ്ലാസ്റ്റിക് കുപ്പികൾ കോർത്ത് അതിന്റെ കൈകളായി മാറ്റി. കുപ്പിത്തൊപ്പികൾ കൊണ്ട് അവൾ ആകർഷകമായ കണ്ണുകൾ നിർമ്മിച്ചു. അച്ഛന്റെ പഴയ റേഡിയോയിൽ നിന്ന് ഊരിയെടുത്ത ഒരു സ്പീക്കർ റോബോട്ടിന് ശബ്ദം നൽകാൻ ഉപയോഗിച്ചു.**

കടലിനോട് ചേർന്ന് കിടക്കുന്ന ശാന്തമായ ഒരു ഗ്രാമമായിരുന്നു തീരപുരം. അവിടെ തിരമാലകളുടെ താരാട്ടുകേട്ട് മീനാക്ഷി എന്നൊരു മിടുക്കി വളർന്നു. പത്തു വയസ്സുകാരിയായ അവൾക്ക് കടലിന്റെ നീലിമയും ഉപ്പുകാറ്റിന്റെ ഗന്ധവും ഒരുപാട് ഇഷ്ടമായിരുന്നു. പക്ഷേ, ഒരു കാര്യം മാത്രം അവളുടെ മനസ്സിനെ എപ്പോഴും വിഷമിപ്പിച്ചു. തീരത്ത് അടിഞ്ഞുകൂടുന്ന പ്ലാസ്റ്റിക് കുപ്പികളും കവറുകളും! മത്സ്യബന്ധനം കഴിഞ്ഞെത്തുന്ന വള്ളങ്ങളിലും വലകളിലും പ്ലാസ്റ്റിക് മാലിന്യങ്ങൾ കുടുങ്ങിക്കിടക്കുന്നത് അവൾ വേദനയോടെ നോക്കിനിന്നു.

‘‘ഈ പ്ലാസ്റ്റിക് വസ്തുക്കൾ മീനുകൾക്കും മറ്റ് കടൽ ജീവികൾക്കും ദോഷം ചെയ്യും. അവ ശ്വാസം മുട്ടി മരിക്കും.’’ ഒരു ദിവസം അവൾ അവളുടെ മുത്തശ്ശിയോട് പറഞ്ഞു. ‘‘കടൽ നമ്മുടെ അമ്മയാണെന്നല്ലേ എല്ലാവരും പറയുന്നത്. എന്നിട്ടെന്താ ഇങ്ങനെ?’’ മുത്തശ്ശി ചിരിയോടെ മീനാക്ഷിയുടെ തലയിൽ തലോടി. ‘‘നീ മിടുക്കിയല്ലേ. നീ വിചാരിച്ചാൽ ഈ കടൽത്തീരത്തെ വൃത്തിയാക്കാൻ കഴിയും മോളേ.’’മുത്തശ്ശിയുടെ ആ വാക്കുകൾ മീനാക്ഷിയുടെ മനസ്സിൽ ഒരു തീപ്പൊരി പോലെ കിടന്നു.

അവൾക്ക് സയൻസ് ഒരുപാട് ഇഷ്ടമായിരുന്നു. വീട്ടിലെ പഴയ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ കൊണ്ടു കളിക്കുന്നത് അവളുടെ ഹോബിയായിരുന്നു. പൊട്ടിയ ടോർച്ചുകൾ, കേടായ റേഡിയോകൾ, പഴയ മോട്ടോറുകൾ ഇതൊക്കെ അവളുടെ മുറിയിലെ നിധികളായിരുന്നു. കുറേ ആലോചനകൾക്ക് ശേഷം മീനാക്ഷി ഒരു തീരുമാനത്തിലെത്തി.

കടൽത്തീരത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗിച്ച് ഒരു റോബോട്ടിനെ ഉണ്ടാക്കണം. അതെ ഒരു റോബോട്ട് തന്നെ! അതിലൂടെ പ്ലാസ്റ്റിക്കിന്റെ ദോഷങ്ങളെക്കുറിച്ച് സംസാരിക്കണം. എല്ലാവരിലും അവബോധം സൃഷ്ടിക്കണം.

അടുത്ത ഒരാഴ്ച മീനാക്ഷി തിരക്കിട്ട പണിയിലായിരുന്നു. സ്കൂളിൽ നിന്ന് മടങ്ങിയെത്തുമ്പോഴേക്കും അവൾ തീരത്തേക്ക് ഓടിച്ചെല്ലും. പല നിറങ്ങളിലുള്ള പ്ലാസ്റ്റിക് കുപ്പികളും അടപ്പുകളും കവറുകളും അവൾ ശ്രദ്ധയോടെ പെറുക്കിയെടുത്തു.

‘നിങ്ങളെ ഞാൻ പുതിയൊരു രൂപത്തിലാക്കി മാറ്റും,’ ഓരോ പ്ലാസ്റ്റിക് വസ്തുവിനെയും നോക്കി അവൾ മനസ്സിൽ പറഞ്ഞു.

വീട്ടിലെത്തിയ ശേഷം, അവൾ ഓരോന്നും നന്നായി കഴുകി വൃത്തിയാക്കി. ഒരു പഴയ പ്ലാസ്റ്റിക് കണ്ടെയ്നർ ഉപയോഗിച്ച് അവൾ റോബോട്ടിന്റെ ശരീരം ഉണ്ടാക്കി. പ്ലാസ്റ്റിക് കുപ്പികൾ കോർത്ത് അതിന്റെ കൈകളാക്കി മാറ്റി. കുപ്പിത്തൊപ്പികൾ കൊണ്ട് അവൾ ആകർഷകമായ കണ്ണുകൾ നിർമ്മിച്ചു. അച്ഛന്റെ പഴയ റേഡിയോയിൽ നിന്ന് ഊരിയെടുത്ത ഒരു സ്പീക്കർ റോബോട്ടിന് ശബ്ദം നൽകാൻ ഉപയോഗിച്ചു. പഴയ മൊബൈൽ ഫോണിന്റെ ബാറ്ററി, വയറുകൾ, ചെറിയ മോട്ടോ

റുകൾ എന്നിവ ഉപയോഗിച്ച് അവൾ അതിന് ചലിക്കാനുള്ള ശേഷി നൽകി.

അങ്ങനെ, ഒരാഴ്ചത്തെ കഠിനാധ്വാനത്തിന് ശേഷം മീനാക്ഷിയുടെ സ്വപ്നം യാഥാർത്ഥ്യമായി. പ്ലാസ്റ്റിക് കൊണ്ടുണ്ടാക്കിയത് ആയതിനാൽ തന്റെ റോബോട്ടിനെ അവൾ സ്നേഹത്തോടെ 'പ്ലാസ്റ്റോമിത്രൻ' എന്ന് വിളിച്ചു.

പ്ലാസ്റ്റോമിത്രൻ




സാധാരണ റോബോട്ടായിരുന്നില്ല. അതിന് നടക്കാനും ലളിതമായ വാചകങ്ങൾ സംസാരിക്കാനും കഴിയുമായിരുന്നു. പ്ലാസ്റ്റിക് ദോഷമാണ്, പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കണം, പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യണം, അത് വലിച്ചെറിയരുത്, ഒരിക്കലും പ്ലാസ്റ്റിക് വസ്തുക്കൾ കത്തിക്കരുത് തുടങ്ങിയ നിർദ്ദേശങ്ങൾ അത് വ്യക്തമായി പറയും. പ്ലാസ്റ്റോമിത്രന്റെ ഈ സംസാരം എല്ലാവരെയും അത്ഭുതപ്പെടുത്തുകയും രസിപ്പിക്കുകയും ചെയ്തു.

ഒരു ദിവസം, മീനാക്ഷി പ്ലാസ്റ്റോമിത്രനുമായി കടൽ തീരത്തേക്ക് പോയി. അവിടെ ഒരു കൂട്ടം സഞ്ചാരികൾ അവർ കൊണ്ടുവന്ന ഭക്ഷണത്തിന്റെ കവറുകളും വെള്ളം കുടിച്ച കുപ്പികളും കടൽത്തീരത്തേക്ക് അലക്ഷ്യമായി വലിച്ചെറിയാൻ ഒരുങ്ങുമ്പോൾ, മീനാക്ഷി പ്ലാസ്റ്റോമിത്രനെ അവരുടെ അടുത്തേക്ക് പറഞ്ഞയച്ചു. എന്നിട്ടവൾ അൽപ്പം ദൂരെ മാറി നിന്ന് ആ കാഴ്ച കണ്ടു.

''ദയവായി ഇത് വലിച്ചെറിയരുത്!'' പ്ലാസ്റ്റോമിത്രൻ ഉറച്ച ശബ്ദത്തിൽ പറഞ്ഞു. സഞ്ചാരികൾ ഞെട്ടിപ്പോയി. ''നിങ്ങൾ ഉപേക്ഷിക്കുന്ന ഈ മാലിന്യങ്ങൾ ഈ കടലിലെ ജീവികളെയും ഈ പരിസരത്ത് താമസിക്കുന്ന മനുഷ്യരെയും ദോഷകരമായി ബാധിക്കും.''

സഞ്ചാരികൾ അത്ഭുതത്തോടെ പരസ്പരം നോക്കി. ഒരു റോബോട്ട് അവരോട് സംസാരിക്കുന്നത് ആദ്യമായിട്ടായിരുന്നു. ഇതെന്താ സംഭവമെന്ന് മനസ്സിലാവാതെ അവർ അന്തംവിട്ടു നിന്നു. മീനാക്ഷി പതിയെ അവരുടെ അടുത്തേക്ക് ചെന്ന് ചിരിച്ചുകൊണ്ട് പറഞ്ഞു,

''ഇത് പ്ലാസ്റ്റോമിത്രനാണ്. ഈ കടലിന്റെ

കാവൽക്കാരൻ. ഈ കടൽത്തീരത്തടിഞ്ഞ പ്ലാസ്റ്റിക്കുകൾ കൊണ്ട് ഞാനുണ്ടാക്കിയ റോബോട്ട്. ആരെങ്കിലും പ്ലാസ്റ്റിക് വലിച്ചെറിയുന്നത് കണ്ടാൽ അവന് ദേഷ്യം വരും. ആരും പേടിക്കണ്ടാ, അവൻ ആരെയും ഒന്നും ചെയ്യില്ല.''

സഞ്ചാരികൾ പ്ലാസ്റ്റോമിത്രനെ തൊട്ടു നോക്കി. അവരുടെ കൗതുകം കണ്ട പ്ലാസ്റ്റോമിത്രൻ കുലുങ്ങിച്ചിരിച്ചു. ആ മാന്ത്രികമായ ചിരിയും മീനാക്ഷിയുടെ വിശദീകരണങ്ങളും കേട്ടപ്പോൾ അവരുടെ മുഖത്തെ അത്ഭുതം മാറി സന്തോഷം നിറഞ്ഞു.

അടുത്ത ആഴ്ച സ്കൂളിൽ വെച്ച് നടന്ന ശാസ്ത്രമേളയിൽ മീനാക്ഷി പ്ലാസ്റ്റോമിത്രനെ അവതരിപ്പിച്ചു. പ്ലാസ്റ്റോമിത്രൻ സ്റ്റേജിലൂടെ നടന്നു നീങ്ങി, പ്ലാസ്റ്റിക്കിന്റെ ദോഷങ്ങളെക്കുറിച്ച് സംസാരിച്ചു. ''നിങ്ങൾ വലിച്ചെറിയുന്ന ഓരോ ചെറിയ പ്ലാസ്റ്റിക് വസ്തുവും ഒരു ജീവിയെ എങ്കിലും വേദനിപ്പിക്കുന്നുണ്ട്,'' പ്ലാസ്റ്റോമിത്രൻ പറഞ്ഞു. ''നമുക്കത് റീസൈക്കിൾ ചെയ്യാം, പുനരുപയോഗിക്കാം.''

കുട്ടികളും അധ്യാപകരും കയ്യടികളോടെ മീനാക്ഷിയെ അഭിനന്ദിച്ചു. പ്രിൻസിപ്പൽ അവളെ അരികിലേക്ക് വിളിച്ചു പറഞ്ഞു,

'നിന്റെ ഈ ആശയം തീരപുരത്തിന് മാത്രമല്ല ലോകത്തിനാകെ ഒരു മുതൽക്കൂട്ടാണ് മോളേ. നമ്മൾ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കാൻ ഒരുമിച്ച് പ്രവർത്തിക്കണം.''

അന്നുമുതൽ സ്കൂളിലെ ഓരോ വ്യക്തിയും പ്ലാസ്റ്റിക്കിനെക്കുറിച്ച് ബോധവാന്മാരായിത്തുടങ്ങി.



മീനാക്ഷിയുടെ സുഹൃത്തുക്കൾ കടൽത്തീരം വൃത്തിയാക്കാൻ അവൾക്കൊപ്പം കൂടി. മീനാക്ഷിയുടെ മുത്തശ്ശി അവർക്ക് പ്ലാസ്റ്റിക്കിനെ തരം തിരിക്കാൻ പഠിപ്പിച്ചു. വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പികൾ ശേഖരിച്ച് അവർ റീസൈക്കിൾ ചെയ്യുന്നവർക്ക് കൈമാറി.

മീനാക്ഷിയും കൂട്ടുകാരും പ്ലാസ്റ്റോമിത്രനും ഓരോ വീടുകളിലും കടകളിലും പോയി പ്ലാസ്റ്റിക്കിന്റെ ദോഷങ്ങളെക്കുറിച്ച് സംസാരിച്ചു. ആദ്യം കളിയാക്കിയവർ പോലും പതുക്കെ പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറച്ചു. ഒരുപാട് പേർ പ്ലാസ്റ്റിക് കവറുകൾക്ക് പകരം അവർ തുണി സഞ്ചികൾ ഉപയോഗിക്കാൻ തുടങ്ങി. പ്ലാസ്റ്റോമിത്രൻ എല്ലായിപ്പോഴും അവരുടെ കൂടെ ഒരു കൂട്ടുകാരനെപ്പോലെ ഉണ്ടായിരുന്നു.

മാസങ്ങൾക്കുള്ളിൽ തീരപുരത്തിന് വലിയൊരു മാറ്റംസംഭവിച്ചു. കടൽത്തീരം ചപ്പുചവറുകളും കുപ്പികളുമില്ലാതെ തിളങ്ങി. കാറ്റിൽ പ്ലാസ്റ്റിക് കവറുകൾ പറന്നു നടക്കുന്നത് ഇല്ലാതായി. കടലിൽ മീനുകൾ സന്തോഷത്തോടെ നീന്തിത്തുടിച്ചു. വൃത്തിയോടെ തിളങ്ങുന്ന കടൽത്തീരത്ത് നിന്ന് സന്തോഷത്തോടെ തിരതല്ലുന്ന കടലിന്റെ കാഴ്ച കണ്ടുകൊണ്ട് മീനാക്ഷി തുള്ളിച്ചാടി. അപ്പോൾ ഉപ്പുഗന്ധമുള്ള ഒരു കടൽക്കാറ്റ് അവളുടെ മുഖത്ത് തഴുകി കടന്നുപോയി.

കഥ



വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

# ചോട്ടു മുയലിന്റെ ചതി

പള്ളിയറ ശ്രീധരൻ

ഒരു കാട്ടിലെ രണ്ടു മുയലുകളാണ് ചിന്നനും നീലനും. അവർ അടുത്ത സുഹൃത്തുക്കളായിരുന്നു. അടുത്തടുത്ത വീടുകളിൽ താമസം. ഒന്നിച്ചാണ് ഭക്ഷണം തേടി പോകുന്നത്. കളിയും ചിരിയുമൊക്കെ ഒന്നിച്ചു തന്നെ.

ഒരു ദിവസം അവർ രണ്ടുപേരും ആഹാരം അന്വേഷിക്കുന്നതിനിടയിൽ ഒരു പുതിയ മുയലിനെ കണ്ടു. അവർ പരിചയപ്പെട്ടു. ''ചങ്ങാതീ, നിന്നെ ഇതുവരെ ഇവിടെ എങ്ങും കണ്ടിട്ടില്ലല്ലോ? എന്താണ് നിന്റെ പേര്? എവിടെയാ നിന്റെ വാസസ്ഥലം?''

''എന്റെ പേര് ചോട്ടു. ഞാൻ മൂന്നാർ എന്ന സ്ഥലത്താണ് താമസിക്കുന്നത്; ധാരാളം നല്ല കാഴ്ചകളുള്ള സ്ഥലം, നല്ല കാലാവസ്ഥ.''

''അത്ര നല്ല സ്ഥലമാണെങ്കിൽ പിന്നെ ഇവിടെ വന്നതെന്തിനാണ്?''

''എന്റെ ബന്ധുക്കൾ ഇവിടെ അടുത്തുണ്ട്. ഇടയ്ക്കിടയ്ക്ക് അവരെ വന്നു കാണും.''

''കുറേ അകലെയാണോ മൂന്നാർ?''

''ഏയ് അത്രയൊന്നും ദൂരമില്ല. ധാരാളമാളുകൾ ഇവിടെ ഇടയ്ക്കിടയ്ക്ക് സന്ദർശിക്കാറുണ്ട്. കുറച്ച് ദിവസം താമസിച്ച്, തിരിച്ചു പോകും.''

അന്ന് സ്വന്തം വീടുകളിൽ തിരിച്ചെത്തിയ ചിന്നനും നീലനും സംസാരിച്ചിരിക്കുമ്പോൾ, ചിന്നൻ ഒരു അഭിപ്രായം മുന്നോട്ടു വെച്ചു. ''നമുക്കു രണ്ടുപേർക്കും കൂടി മൂന്നാറിലേക്കൊന്നു പോയാലോ? അവിടെ നല്ല സുഖമാണെന്നല്ലേ ഇന്നു കണ്ട സുഹൃത്ത് പറഞ്ഞത്.''

''ശരിയാ, അവൻ പറഞ്ഞപ്പോൾ എനിക്കും അങ്ങിനെ തോന്നി. ശരി, നമുക്ക് നാളെത്തന്നെ പുറപ്പെടാം.''

പിറ്റേന്ന് അവർ രണ്ടുപേരും മൂന്നാറിലേക്കു യാത്രയായി. കുറേ ദൂരം പോയപ്പോഴാണ് അവർക്ക് ഒരു കാര്യം ഓർമ്മ വന്നത്. ''നമ്മുടെ വീടുകൾ പൂട്ടിയിട്ടില്ലല്ലോ! കള്ളന്മാർ കയറി സാധനങ്ങളൊക്കെ കൊണ്ടു പോകില്ലേ?''

''ശരിയാണ്, നമ്മളത് മറന്നു; ഇനി എന്തു ചെയ്യും? ശരി, ഒരു കാര്യം ചെയ്യാം; ഞാൻ വേഗം പോയി രണ്ടു വീടുകളും പൂട്ടിയിട്ട് വരാം. വീട് പൂട്ടാൻ രണ്ടുപേരും പോകേണ്ടതില്ലല്ലോ.''

''ശരിയാണ് ഞാൻ ഇവിടെ കാത്തിരിക്കാം. ചിന്നൻ പോയി വേഗം വീടുകൾ പൂട്ടിയിട്ട് വരൂ.''ചിന്നൻ വേഗം മടങ്ങി. വീടിന്റെ അടുത്തെത്തി. രണ്ടു വീടുകളും പൂട്ടിയിട്ടതായിട്ടാണ് ചിന്നൻ കണ്ടത്.

ഇതെന്തത്ഭുതം? വീട് തുറന്നിട്ടിട്ടാണല്ലോ പോയത്! ചിന്നൻ സ്വന്തം വാതിലിന് മുട്ടി. അകത്ത് ആരും ഉണ്ടായിരുന്നില്ല. കുറച്ച് കഴിഞ്ഞപ്പോൾ മുമ്പ് പരിചയപ്പെട്ട ചങ്ങാതി അവിടെ എത്തി. ''ആരാ ചങ്ങാതി ഈ വീട് പൂട്ടിയത്? ഇത് എന്റെ വീടാണ്.''

''ഇനി നിങ്ങൾ രണ്ടുപേരും തിരിച്ച് വരില്ല എന്നാണ് ഞാൻ വിചാരിച്ചത്. നിങ്ങളെ ഇവിടെ നിന്ന് പറഞ്ഞയയ്ക്കുകയായിരുന്നു എന്റെ ലക്ഷ്യം.''

''കൊള്ളാം, നല്ല ചങ്ങാതി തന്നെ. എന്റെ വീട് ഉടനെ തുറന്നു തരൂ.''വീട്ടിലെ സാധനങ്ങൾ ഒന്നും നഷ്ടപ്പെട്ടില്ല എന്ന് ഉറപ്പിച്ചു. രണ്ടു വീടുകളുടെയും താക്കോലുകൾ കൈയ്ക്കലാക്കിക്കൊണ്ട് ചിന്നൻ വേഗം നീലൻ കാത്തു നിൽക്കുന്ന സ്ഥലത്തെത്തി. ''രാവിലെ പരിചയപ്പെട്ട ചങ്ങാതി നമ്മെ പറ്റിക്കാൻ ശ്രമിച്ചു. രണ്ടു വീടുകളും അവൻ സ്വന്തമാക്കാൻ ശ്രമിച്ചു. പെട്ടെന്ന് തിരിച്ചു പോയതുകൊണ്ട് നമുക്ക് വീട് തിരിച്ചു കിട്ടി. ഇപ്പോൾ ആരെയും വിശ്വസിക്കാൻ പറ്റില്ല. എന്നായിട്ടുണ്ട്.വല്ലാത്ത ഒരു ലോകം തന്നെ.''





# ഓണസ്മൃതി



**സുഭാഷിണി തങ്കച്ചി**

ചെറുമക്കൾ പൂക്കളമൊരുക്കുന്നു
ചിത്രങ്ങളെടുക്കുന്നു പങ്കിടുന്നു
ഓണം പ്രസരിപ്പിക്കുന്നാഹ്ലാദാരവം
കണ്ടു നിൽക്കാനുണ്ടുമോഹമെന്നാൽ
നേരമില്ലൊട്ടും കളയുവാനായ്
ഓണമൊരുക്കുവാൻ ധൃതിയായി.
ഉപ്പേരി വറുക്കണം, പപ്പടം കാച്ചണം,
പാലട പ്രഥമനുമുണ്ടൊരുക്കാൻ.
ധൃതിയിലെങ്ങനെയോ ഒരു പൂത്തുമ്പി
ഓർമച്ചിറകേറി ഊഞ്ഞാലാടി നിന്നു!
ഗൃഹാതുരയായ് സദ്യയൊരുക്കി
മുറ്റത്തെ മേളങ്ങളിൽകൂടവേ,
കാണായി കാറ്റിൽ നൃത്തം വയ്ക്കുന്നു
വെൺ സുമബിന്ദുക്കളുമായൊരു
തുമ്പപ്പൂച്ചെടി, മുറ്റത്തെ ഓടിന്നിടയിലെ
അല്പമാം മണ്ണിലൂടോണം കാണാനതി
യായ ആശപോൽ! സ്മൃതികളിൽ നിന്നും
പറന്നിറങ്ങുന്നൊരായിരം പൂത്തുമ്പികൾ
അവയിന്നപൂർവയായ തുമ്പമലരിന്നു
ചുറ്റും തുള്ളിക്കളിക്കുന്നു.
ഓർമകളെ, നീ തന്നെയല്ലേ ഓണവും.



വര: സൂരജ് കക്കറയിൽ

# ഓർമ്മയിലൊരു കുട്ടിക്കാലം

**ഡോ. ഗീത കാവാലം**

ഉള്ളിലുണ്ടിപ്പൊഴും മഴയത്തു
മയിലുപോൽ തുള്ളിക്കളിക്കുന്ന കുട്ടി,
ചെളിയണിപ്പാവാടത്തുമ്പുലച്ചാനന്ദ
നൃത്തം ചവിട്ടുന്ന കുട്ടി.

മഞ്ഞണിപ്പുല്ലിന്റെ തുമ്പിലെ സൂര്യനെ
നെഞ്ചോടണയ്ക്കുന്ന കുട്ടി,
മലവാക പൂക്കുമ്പോൾ മാനംതുടുക്കുന്ന,
മധുമാസസഖിയായ കുട്ടി.

പേടിപ്പരപ്പിന്റെയോളത്തിലക്കൊച്ചു
വഞ്ചിക്കടത്തിൻ കൊതുമ്പിൽ,
മാനത്തെ മഴവില്ലു നോക്കിച്ചിരിക്കുന്ന
മാറ്റിത്തമില്ലാത്ത കുട്ടി!

മുറ്റത്തെ മൂവാണ്ടൻ മാവിന്റെ കൊമ്പിലെ
ഏലാത്തിലാടുന്ന കുട്ടി,
മാനത്തുമുട്ടെയപ്പാലഞ്ചും പൗർണമി-
ച്ചേലുകണ്ടാർക്കുന്ന കുട്ടി.

പാട്ടിന്റെ പുത്തൻ പദച്ചേലു കേൾക്കു
മ്പോളുള്ളം തുടിക്കുന്ന കുട്ടി.
പാഴ്മുളം തണ്ടിന്റെ കാതിൽ കുസൃതിയാൽ
പയ്യാരംപാടുന്ന കുട്ടി!

കൂട്ടുകാരൊത്തു കളിയും ചിരിയുമായ്
പാഠങ്ങൾ ചൊല്ലുന്ന കുട്ടി.
വാനിലെച്ചോപ്പിലുദിക്കുന്ന സൂര്യനെ
പുസ്തകത്തിൽ കണ്ട കുട്ടി!

മഴപോയി മഴവില്ലുമാഞ്ഞുപോയമ്പിളി-
ച്ചിരിമാഞ്ഞു നേരം കറുക്കെ,
കുട്ടിക്കുറുമ്പുമായ് മുത്തശ്ശിക്കഥകേട്ടു
പെട്ടെന്നുറങ്ങുന്ന കുട്ടി.


വര: സുജിത്ത് രാജൻ എസ്





# കല്ലറ പാങ്ങോട് സമരചരിത്രം

**ഡോ. ബി ബാലചന്ദ്രൻ**

"മാമാ എന്റെ അച്ഛൻ നല്ല വെളുത്ത് സുന്ദരനായിരുന്നില്ലേ, ഒത്ത തടീമൊക്കെ ആയിറ്റ് ഞാൻ കണ്ടിറ്റില്ല. ഒന്നു പറഞ്ഞു തരോ. അമ്മച്ചീരടുത്ത് പറയുമ്പം തന്നെ കരയും. പറഞ്ഞു താ മാമാ.''

ആ പതിമൂന്നുകാരിയുടെ വാക്കുകൾ കേട്ടപ്പോൾ കടുത്ത അനുഭവങ്ങളുടെ തീച്ചൂളകളിലൂടെ കടന്നു വന്ന 'ജമാൽലബ്ബ' ആകാശത്തേക്കു നോക്കി 'ഇൻശാ അല്ലാഹ്' എന്നു വിളിച്ചു. ഉള്ളില് വല്ലാത്ത കടച്ചില്. പെട്ടെന്ന് സമചിത്തത വീണ്ടെടുത്ത് അവളോട് കേറി വാ, എന്നു പറഞ്ഞു.

"മാമ എന്റെ മോക്ക് ഒരു സമ്മാനം കരുതി വച്ചിട്ടുണ്ട്.'' കുറച്ചു കഴിഞ്ഞ് ജമാൽ ലബ്ബ ഒരു പെട്ടിയുമായെത്തി. അതിൽ നിന്ന് ഒരു രേഖാചിത്രം അവളുടെ കൈയിലേല്പിച്ചു.

''മാമ വരപ്പിച്ചതാ. എന്റെ നെഞ്ചിനകത്തുള്ള കൃഷ്ണന്റെ രൂപം പറഞ്ഞ് വരപ്പിച്ചതാ.'' അവൾ, രക്തസാക്ഷിയുടെ മകൾ സാവിത്രി, ഇമപൂട്ടാതെ ആ ചിത്രത്തിലേയ്ക്ക് അല്പനേരം നോക്കി നിന്നു. എന്നിട്ടവൾ അതിൽ തെരു തെരെ ഉമ്മ വച്ചു.

എന്റച്ഛൻ, എന്റച്ഛൻ എന്നു പറഞ്ഞ് ആ ഫോട്ടോ നെഞ്ചോടു ചേർത്തു പിടിച്ച് ഓടി മറഞ്ഞു.

ആ മനുഷ്യൻ തന്റെ ആത്മസുഹൃത്ത് കല്ലറ കൃഷ്ണന്റെ ഓമനക്കുഞ്ഞിന്റെ പിഞ്ചുകാലടികൾ മറയുംവരെ നോക്കി നിന്നു.

ജമാൽലബ്ബയുടെ കണ്ണുകളിൽ കല്ലറപാങ്ങോടു സമരത്തിന്റെ ചരിത്രം തെളിഞ്ഞു വന്നു. തിരുവിതാംകൂർ രാജ്യം. കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രീ എന്ന പോലെ, നീചനായ സി പി രാമസ്വാമി അയ്യർ എന്ന ദിവാൻ വാണ കാലം. 'വ്യവഹാരമാല' എന്ന ഭരണഘടന നീതി ന്യായ വ്യവസ്ഥകളനുസരിച്ചായിരുന്നു ഭരണം. ചാതുർ വർണ്യ വ്യവസ്ഥ പ്രകാരം മനുഷ്യരെ ഉത്തമരെന്നും അധമരെന്നും തരംതിരിച്ചു പരിഗണിച്ചിരുന്നു. അധമരെന്നു വിധിക്കപ്പെട്ടവരെ മനുഷ്യരായി കൂട്ടിയിരുന്നില്ല. പല തരത്തിലുളള നികുതികൾ കൊണ്ട് കർഷകർ വലഞ്ഞു. അയ്യാ വൈകുണ്ഠർ ഏണിക്കരത്തിനെതിരെ സമരം നയിക്കുകയും തടവിലാക്കപ്പെടുകയും ചെയ്തതു മറക്കാനാവില്ല.

അസ്വസ്ഥതകൾ നിറഞ്ഞതായിരുന്നു 1900 മുതലുളള അരനൂറ്റാണ്ടുകാലം. ഫാഷിസം, നാസിസം, ബ്രിട്ടീഷ് അധിനിവേശം, സ്പാനിഷ് ആഭ്യന്തരയുദ്ധം ഇങ്ങനെ കലുഷമായ അവസ്ഥകൾ വരുത്തിയ ദുരന്തങ്ങളിലകപ്പെട്ട് പാവം മനുഷ്യർ വലഞ്ഞു. 'ദ ഗ്രേറ്റ് ഡിപ്രഷൻ' എന്ന് ചിന്തകർ വിശേഷിപ്പിച്ചിരുന്ന അക്കാലത്ത് രോഗ ദാരിദ്രാദി പീഡകൾ അരികു മനുഷ്യരെ കാർന്നു തിന്നുകൊണ്ടേയിരുന്നു. അടിമ ഉടമ വ്യവസ്ഥ ലോകമെങ്ങും നരകങ്ങളെ തീർത്തു. തിരുവിതാംകൂർ രാജ്യത്തും സ്ഥിതി വ്യത്യസ്തമായിരുന്നില്ല. പക്ഷേ ദുഷ്ട നീതികൾക്കെതിരെ വിധേയരാക്കപ്പെട്ട ജനത പ്രതികരിച്ചു. ചെറു തീപ്പൊരികൾ ചാമ്പൽക്കൂനകളിൽ നിന്നും ജ്വലിച്ചുയരാൻ തുടങ്ങി. അധികാരികൾ നീച മുറകൾ കൊണ്ട് സമരങ്ങളെ അടിച്ചമർത്താനൊരുങ്ങി. സ്വാതന്ത്ര്യമെന്ന ജന്മാവകാശം നേടാനായി പൊരുതുന്ന ജനത ഉണർന്നു വന്നു. തിരുവിതാംകൂറിൽ ചന്തകൾ കേന്ദ്രീകരിച്ചാണ് ആദ്യത്തെ സമരഗീതങ്ങൾ മുഴങ്ങിത്തുടങ്ങിയത്.

തിരുവിതാംകൂറിലെ പ്രധാനപ്പെട്ട ചന്തകളായിരുന്നു നെടുമങ്ങാട്, കിളിമാനൂർ, കടയ്ക്കൽ, പനച്ചമൂട്, കല്ലറ എന്നിവ. ഈ ചന്തകളിൽ നീച ജാതിയിലുൾപ്പെട്ടവർക്ക് പ്രവേശനം പോലുമില്ലായിരുന്നു. കടുത്ത നികുതികൾ കൊണ്ട് (കടക്കാശ് പോലുളളവ) ജനതയാകെ പൊറുതിമുട്ടി. 1912 ൽ അയ്യങ്കാളി നെടുമങ്ങാടു ചന്തയിൽ വിവേചനങ്ങൾക്കെതിരെ പട നയിച്ചു.

മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ രാജ്യവ്യാപകമായി നടന്ന അയിത്തോച്ചാടനത്തിന്റെയും നിസ്സഹകരണ പ്രസ്ഥാനത്തിന്റെയും അനുരണനങ്ങൾ കല്ലറ പാങ്ങോട് പ്രദേശത്തുമുണ്ടായി. ചെല്ലപ്പൻ വൈദ്യർ, പത്മനാഭപിള്ള, ശങ്കരൻ മുതലാളി തുടങ്ങിയ വിദ്യാസമ്പന്നരുടെ നേതൃത്വത്തിൽ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ വളണ്ടിയർമാർ കല്ലറ ചന്തയിൽ വെളളിയാഴ്ച ചെറുയോഗങ്ങൾ സംഘടിപ്പിക്കുകയും താങ്ങാനാവാത്ത ചന്ത നികുതിക്കെതിരെ മുദ്രാഗീതങ്ങൾ പാടുകയും ചെയ്തു.

**"നൂൽക്കുവിൻ നൂലുനൂൽക്കുവിൻ**
**വീട്ടിൽ നൂൽ നൂത്തു നെയ്തു നാട്ടിൽ**
**നന്മ ചേർത്തു മുമ്പുള്ളോർ**
**അക്രമമാകെ വെടിഞ്ഞു നാമിനി**
**ചൊല്ലുക ഗാന്ധിക്ക് ജയ് ജയ് ജയ്**
**ജാതി വിചാരമാകവേ**
**വേഗമുപേക്ഷിച്ചീടണമേ"**

ഇത്തരം ഗീതങ്ങൾക്കു പുറമേ മഹാകവി വളളത്തോൾ നാരായണ മേനോന്റെ സ്വാതന്ത്ര്യസമര കവിതകളും അവർ ആലപിച്ചു. അയ്യാ വൈകുണ്ഠരുടെയും അയ്യങ്കാളിയുടെയും ശ്രീ നാരായണ ഗുരുവിന്റെയും സഹോദരന‌യ്യപ്പന്റെയും നവോത്ഥാന ചിന്തകളും പൊതുവിടങ്ങൾ എല്ലാവർക്കും അവകാശപ്പെട്ടതാണെന്ന ബോധവും രാജ്യസ്നേഹികളായ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ സന്നദ്ധ പ്രവർത്തകർക്കുണ്ടായിരുന്നു.

എല്ലാത്തരം അധീശത്വങ്ങൾക്കെതിരെയുമുളള സ്വാതന്ത്ര്യസമരം കൂടിയായി അതുമെല്ലെ വളർന്നു വന്നു. പോലീസ് റവന്യൂ അധികാരികൾ ചന്തസമരത്തെ നിസ്സരമായല്ല പരിഗണിച്ചത്. അവർക്ക് സ്ഥലത്തെ പ്രമുഖ ജന്മിയായ കൊട്ടാരം മഠത്തിലെ വെങ്കിടേശ്വര ശർമ്മ എല്ലാ സഹായങ്ങളും ചെയ്തു കൊടുത്തു. നാട്ടിലെ ചില ദുർബല മനസ്കരെ പാട്ടിലാക്കി ഒറ്റുകാരെന്ന രീതിയിൽ പ്രവർത്തിപ്പിച്ചു. കൊട്ടാരം മഠം ദുഷ്ടനിയമ നീതിപാലകരുടെയും ഒറ്റുകാരുടെയും താവളമായിത്തീർന്നു. വെങ്കിടേശ്വര ശർമ്മയുടെ ജ്യേഷ്ഠനായ നീലകണ്ഠ അയ്യർ ദിവാന്റെ കീഴിൽ ചീഫ് സെക്രട്ടറി പദവിയിലെത്തിയതോടെ കൊട്ടാര മഠക്കാർ തീരുമാനിക്കുന്നതു

നടപ്പിലാക്കാൻ ജനങ്ങൾ ബാധ്യസ്ഥരായിത്തീർന്നു. കല്ലറ, പാങ്ങോടു പ്രദേശത്തിന്റെ തൊട്ടടുത്തുള്ള പാട്ടറ, മിതൃമല, ചെറുവാളം, അരുവിപ്പുറം തുടങ്ങിയ പ്രദേശങ്ങളിലെ ചെറുപ്പക്കാരുടെ ചെറുസംഘങ്ങൾ ഉത്തരവാദ പ്രക്ഷോഭത്തിന്റെ ശാന്തിസേനയിൽ ചേർന്നു. അവർ ചന്തയിലെ കൊള്ളപ്പിരിവിനെതിരെ പ്രതിഷേധിച്ചു. ഭരണാധികാരികൾ സമരക്കാരെ തല്ലി ഒതുക്കാൻ നോക്കി. ഒരു പരിധി കഴിഞ്ഞപ്പോൾ തല്ലിനു മറുതല്ല് എന്ന തരത്തിൽ സമരത്തിന്റെ രൂപഭാവങ്ങൾ മാറി.

കല്ലറചന്ത കേന്ദ്രീകരിച്ച് നിരവധി സമരങ്ങൾ നടന്നു. പോലീസും ചന്തപ്പിരുവുകാരുടെ കൂലിത്തല്ലുകാരും ചേർന്ന് സമരസേനാനികളെ മർദ്ദിക്കുകയും വീടുകൾ അഗ്നിക്കിരയാക്കുകയും അവരെ കള്ളക്കേസുകളിൽ കുടുക്കുകയും ചെയ്തു. ചന്തയിൽ വന്നു പോകുന്ന സാധാരണക്കാരും ഒന്നൊന്നായി സമരഭടന്മാരുടെ പക്ഷത്തു ചേർന്നു.

## 1938 സെപ്റ്റംബർ 30

അന്നും പതിവുപോലെ സന്നദ്ധ സേവകരായ സമരഭടന്മാർ കല്ലറ ചന്തയിൽ ഒത്തുകൂടി. അക്രമ നികുതിപ്പിരിവിനെതിരെ മുദ്രാവാക്യം വിളിച്ചു കൊണ്ട് അവർ ചന്തയ്ക്കകത്തേയ്ക്കു കയറാൻ ശ്രമിച്ചു. പോലീസ് ലാത്തിച്ചാർജു ചെയ്തു. ജനങ്ങൾ അവരെ ചെറുത്തു നിന്നു. പോലീസും അകമ്പടിയായി നിന്ന കരാറുകാരനും സഹായികളും പേടിച്ചോടി. അന്നു വൈകുന്നേരം കല്ലറപാങ്ങോടിന്റെ സമരചരിത്രത്തിൽ മായാത്ത മുദ്ര പതിപ്പിച്ച ആ സംഭവം നടന്നു. സംഘടിതരായെത്തിയ പോലീസുകാർ വഴിയിൽ കണ്ട കൊച്ചാപ്പിപ്പിള്ള എന്ന യുവാവിനെ ലോക്കപ്പിലാക്കുകയും ക്രൂരമായി മർദ്ദിക്കുകയും ചെയ്തു.

നിരപരാധയായ കൊച്ചാപ്പിപ്പിള്ള പോലീസ് കസ്റ്റഡിയിലായ വിവരമറിഞ്ഞ് പരോപകാരിയായ പട്ടാളം കൃഷ്ണൻ എന്നും സിംഗപ്പൂർ കൃഷ്ണനെന്നുമൊക്കെ വിളിപ്പേരുള്ള കല്ലറ കൃഷ്ണൻ സ്റ്റേഷനിലെത്തി. ബ്രിട്ടീഷുകാരുടെ വേഷവിധാനത്തിനു സമാനമായ വേഷത്തിലെത്തിയ വിദ്യാസമ്പന്നനായ ആ യുവാവിനെ പോലീസ് ഉദ്യോഗസ്ഥർ മാന്യമായി സ്വീകരിക്കുകയും കൊച്ചാപ്പിപ്പിള്ളയെ മോചിപ്പിക്കുകയും ചെയ്തു. പോലീസ് മർദനത്തിൽ അവശനായിയെത്തിയ കൊച്ചാപ്പിപ്പിള്ളയെ കണ്ടു ക്ഷുഭിതരായ ജനങ്ങൾ അതുവഴി വന്ന സർക്കാർ വാഹനത്തെ തടഞ്ഞു. തോക്കുമായി പുറത്തിറങ്ങി വെടിവയ്ക്കാൻ തുനിഞ്ഞ കുഞ്ഞുകൃഷ്ണ പിള്ളയെ ജനങ്ങൾ മർദ്ദിച്ചു. തന്നെ മരണാസന്നനാക്കിയ പോലീസുകാരുടെ ഒരു പ്രതിനിധിയെക്കണ്ട കൊച്ചാപ്പിപ്പിള്ള ഭ്രാന്തനെപ്പോലെ ആക്രമിച്ചു. അവിടെ നടന്ന സംഘർഷത്തിനൊടുവിൽ കുഞ്ഞു കൃഷ്ണപ്പിള്ള മരണപ്പെട്ടു. പിന്നീട് കല്ലറ പാങ്ങോട് പ്രദേശമാകെ ഭീതിദമായ അന്തരീക്ഷത്തിലായി. സമരക്കാരുടെ സ്വത്തുവകകൾ പോലീസ് കണ്ടുകെട്ടി. അവരുടെ വീടുകൾ കത്തിച്ചു. അനേകം നിരപരാധികളെ ലോക്കപ്പിലിട്ടു മർദ്ദിച്ചു.

കല്ലറപാങ്ങോടു പ്രദേശത്തെ സമരഭടന്മാരുടെ അമ്മമാരും സഹോദരിമാരും പെൺമക്കളുമനുഭവിച്ച സങ്കടങ്ങളെയും അവർ ചെയ്ത സേവനങ്ങളെയും കുറിച്ചുള്ള ഒരു രേഖപ്പെടുത്തലുകളുമുണ്ടായിട്ടില്ല. കേറിക്കിടക്കാനുള്ള





ഇടം നഷ്ടപ്പെട്ടവർ, പിഞ്ചു കുഞ്ഞുങ്ങളുള്ളവർ, വൃദ്ധരായ മാതാപിതാക്കളെ പോറ്റേണ്ടി വന്നവർ പോലീസിന്റെയും (അതും ആൺ പോലീസ്)ശർമ്മയുടെ ആളുകളുടെയും പീഡനങ്ങൾക്കിരയായവർ, ഇവരുടെയൊന്നും ഒരു കണക്കും ലഭ്യമല്ല. ഓരോ സമരഭടനും ഭാര്യയോ സഹോദരിയോ മകളോ കാണുമല്ലോ. പുരുഷന്റെ അഭാവത്തിൽ കുടുംബത്തെ പരിപാലിച്ചു നിന്നവരുടെ ത്യാഗത്തെ നാടിന്റെ ഓർമ്മ പുസ്തകത്തിൽ അർഹിക്കുന്ന പ്രാധാന്യത്തോടെ രേഖപ്പെടുത്തേണ്ടതുണ്ട്.

കല്ലറ കൃഷ്ണൻ സംഘർഷമൊഴിവാക്കാൻ സമാധാന ദൂതനായി പോലീസ് സ്റ്റേഷനിൽ പോയതാണ്. ആ പാവം മനുഷ്യൻ കൊലക്കേസു പ്രതിയായി. ഭാര്യയുടെ സങ്കടം സഹിക്കാനാകാതെ നിരപരാധിയായ ആ മനുഷ്യൻ മങ്കൊമ്പു ശർമ്മയോട് സങ്കടം പറഞ്ഞു. സൂത്രശാലിയായ അയാൾ രഹസ്യമായി പോലിസിനെ വരുത്തി കല്ലറ കൃഷ്ണനെ അറസ്റ്റു ചെയ്യിച്ചു.

കല്ലറ, പാങ്ങോടു സമരത്തിൽ 40 പേരെ പ്രതികളാക്കി. കണ്ടാലറിയാവുന്ന 3000 പ്രതികൾ വേറെയുണ്ട്. ഇതിൽ 21ാം പ്രതിയായിരുന്ന കൊച്ചാലും മൂട്ടിൽ സുലൈമാൻ പിള്ള അലിയാരുകുഞ്ഞ് (പള്ളിപ്പുറം അലിയാർ) എന്നിവർ ലോക്കപ്പിൽ കിടന്നു നരകിച്ചു മരിച്ചു. പ്ലാങ്കീഴ് കൃഷ്ണപിള്ളയും ചെറുവാളം ചെല്ലപ്പനാശാരിയും പോലീസ് വെടിവയ്പ്പിൽ കൊല്ലപ്പെട്ടു. പാങ്ങോട്ടെ പോലീസ് ക്യാമ്പിൽ വച്ച് മുഹമ്മദാലി, വാവാകുട്ടി, കുഞ്ഞൻപിള്ള, പാറനാണൻ എന്നിവർ മരിച്ചു. സിങ്കപ്പൂർ കൃഷ്ണനെയും കല്ലറ കൃഷ്ണനെയും കൊച്ചപ്പിപ്പിള്ളയെയും ജയിൽ ചാടിച്ച് രക്ഷപ്പെടുത്താനായി ജമാൽ ലബ്ബയും ചെല്ലപ്പൻ വൈദ്യരും വാസുദേവനുമായി നടത്തിയ ശ്രമങ്ങളൊന്നും വിജയിച്ചില്ല. കല്ലറകൃഷ്ണന്റെ ഇളയ കുട്ടിയുടെ മൃതദേഹം പോലും കാണാൻ മഹാരാജാവിന്റെ പോലീസ് അനുവാദം നൽകിയില്ല. കല്ലറ, പാങ്ങോട് സമരത്തിലെ പ്രതികൾക്കൊപ്പം പട്ടം താണു പിള്ളയും ആനി മസ്ക്രീനുമൊക്കെ ജയിൽ വാസമനുഭവിച്ചു. സമരസേനാനികൾക്കുവേണ്ടി സധൈര്യം ഹാജരായത് പേരൂർക്കട ഗോപാലപ്പിള്ള, നെടുമങ്ങാട് എസ് ജെ നായർ, സുബ്രഹ്മണ്യയ്യർ എന്നീ വക്കീലന്മാരാണ്. അവരുടെ വാദങ്ങളൊന്നും മുൻകൂട്ടി വിധി നിശ്ചയിച്ചു വച്ചിരുന്ന കോടതിക്കു മുന്നിൽ വിലപ്പോയില്ല. 17.12.1940ന് രാവിലെ കൊച്ചാപ്പിപ്പിള്ളയെയും 18.12.1940ന് രാവിലെ കല്ലറ കൃഷ്ണനെയും തൂക്കിക്കൊന്നു.

വധശിക്ഷ നടപ്പിലാകുന്നതിന് മുൻ നാളിൽ തന്റെ സുഹൃത്തായ ജമാൽ ലബ്ബയോട് കൊച്ചാപ്പിപ്പിള്ള ഇങ്ങനെ പറഞ്ഞു:

''ജമാലേ എനിക്കു മരിക്കാൻ അശേഷം ഭയമില്ല. ഈ ഭീകര രാജവാഴ്ചക്കെതിരെ തിരുവിതാംകൂറിലെ ജനങ്ങൾ പകരം വീട്ടും.''

''എന്റെ ജമാലെ ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല. എന്റെ സാവിത്രിക്കുട്ടിയെ നിങ്ങൾ നോക്കി വളർത്തണം'' എന്നു പറഞ്ഞ് കല്ലറ കൃഷ്ണൻ വാവിട്ടു നിലവിളിച്ചു. രേഖകളിലുള്ളവരുടെ കാര്യമേ ഇവിടെ പ്രതിപാദിച്ചിട്ടുള്ളു. ഒരു രേഖയിലുമില്ലാത്തവരും നാടുവിട്ടു പോയരുമൊക്കെയായി ഇനിയും അനേകം പേരുടെ വിവരം ലഭിക്കാനുണ്ട്.

നാടിന്റെ നല്ല നാളേയ്ക്കു വേണ്ടി മരിച്ചവരുടെയും ത്യാഗമനുഭവിച്ചവരുടെയും ഓർമകൾ നമ്മുടെ വഴിയിടങ്ങളിൽ കെടാവെളിച്ചമായിരിക്കട്ടെ.

സഹായക ഗ്രന്ഥങ്ങൾ:
ചോരപ്പൂക്കൾ വിരിയിച്ച കല്ലറ പാങ്ങോട് :കിളിമാനൂർ രമാകാന്ത്
WHO'S WHO OF INDIAN MARTYRS : EDITOR Dr. P N CHOPRA





# യുറേക്കാ!

**കെ എ മജീദ്**

“അപ്പുണ്ണിക്ക് കടലാസ് തോണി ഉണ്ടാക്കാനറിയാത്രെ.” സ്കൂൾ വിട്ടു വന്നപ്പോൾ ലതിക പറഞ്ഞു.

“ആര് പറഞ്ഞു?” ഞാൻ ചോദിച്ചു.

“അവന്റെ പെങ്ങൾ ജലജ.”

ശരിയാകും. അവർ രണ്ടു പേരും ഒരേ ക്ലാസ്സിലാണല്ലോ. ഞാൻ കടലാസുമായി അപ്പുണ്ണിയുടെ വീട്ടിലേക്കോടി. അപ്പുണ്ണിയെ അവിടെയെങ്ങും കണ്ടില്ല. പകരം മുറ്റത്ത് മരത്തണലിൽ രണ്ട് കൂട്ടുകാർ നിൽക്കുന്നത് കണ്ടു.

“അപ്പുണ്ണിയുണ്ടോ?” ഞാൻ ചോദിച്ചു.

“ഉണ്ട്.”

“എവിടെ?”

“അകത്ത്, ഞങ്ങൾക്ക് കടലാസുതോണി ഉണ്ടാക്കുവാ.”

ഞാനും അവരുടെ കൂടെ നിന്നു. എനിക്കും വേണം തോണി. അൽപ നേരം കഴിഞ്ഞ് അപ്പുണ്ണി വന്നു. അവന്റെ കൈയിൽ രണ്ട് സുന്ദരൻ തോണികളുമുണ്ട്. അത് കൂട്ടുകാർക്ക് കൊടുത്ത് അവൻ തിരിഞ്ഞു നടന്നു.

“അപ്പുണ്ണീ, എനിക്കും തോണി.” ഞാൻ പറഞ്ഞു.

“കാശുണ്ടോ?” തിരിഞ്ഞു നിന്ന് അവൻ ചോദിച്ചു. ഹമ്പട വീരാ! കടലാസ് തോണിക്ക് കാശോ? അതു നടക്കില്ല. ഞാൻ അവിടെ നിന്നു മടങ്ങി.

വീട്ടിലെത്തി കടലാസ് പ്രതീക്ഷയോടെ മടക്കാനും നിവർത്താനും തുടങ്ങി. ഏറെ നേരത്തെ പരിശ്രമത്തിനൊടുവിൽ ഞാനും ഒരു സുന്ദരൻ തോണി ഉണ്ടാക്കി.

“യുറേക്കാ!”

ഞാൻ ഉറക്കെ വിളിച്ചു പറഞ്ഞു. അതു കേട്ട് വീട്ടിലുള്ളവരെല്ലാം വന്നു. എന്റെ കൈയിലെ സുന്ദരൻ തോണി കണ്ട് എല്ലാവരും സന്തോഷിച്ചു. “അങ്ങനെയാണ് വേണ്ടത്. പ്രതീക്ഷയോടെ പരിശ്രമിച്ചാൽ ആർക്കും വിജയത്തിലെത്താം.” അച്ഛൻ പറഞ്ഞു.



വര: ഷിജോ ജേക്കബ്

# ഓണമെത്തുമ്പോൾ

**വിജയ വാസുദേവൻ**

ഓണം വരുന്നെന്ന് ഓർത്തപ്പോളെന്നിൽ
ഓരായിരം പൂക്കൾ പുഞ്ചിരിച്ചു.

കൊത്തിമറിച്ച മണ്ണിലെൻ മോഹത്തിൻ
വിത്തുകളപ്പോൾ ഞാൻ പാവിനോക്കി.

മങ്ങാത്ത മോഹത്തിൻ വിത്തുകൾ മെല്ലെവെ
ചിങ്ങത്തെ കാണാനായ് കൺ തുറന്നു.

പോകാനൊരുങ്ങിയ കർക്കിടകംവന്ന്
തൈകളിൻ കവിളിൽ മുത്തമേകി.

മുത്തങ്ങൾ ഓരോന്നും മുത്തുകൾ പൊലവെ
മൊട്ടുകളായിചിരിച്ചുനിന്നു.

ആരാരും പാവി മുളപ്പിച്ചെടുക്കാത്ത,
തുമ്പപ്പൂ അൻപോടെ ചാരെനിന്നു.

മഞ്ഞയുടുപ്പിട്ടു കോളമ്പി,
മുക്കുറ്റി കമ്മലണിഞ്ഞിട്ടരികെനിന്നു.

മാവേലിമന്നനെ വരവേൽക്കാനായവർ
പഴമതൻ കഥയുമായ് ഒരുങ്ങി നിന്നു.

പുതുമകൾ തേടുന്ന പൂത്തുമ്പി പൊലുമാ
സംസ്കൃതിയോർത്തു പറന്നു വന്നു.



വര: സചീന്ദ്രൻ കാറഡുക്ക



# പൂവണിഞ്ഞ ശ്രാവണം

വത്സൻ അഞ്ചാംപീടിക

കർക്കടകപ്പെരുമഴക്കാലം കഴിഞ്ഞു. ചിങ്ങവെയിലുദിച്ചു. പറമ്പും പാടവും തൊടികളും മേലാകെ പൂക്കൾ വാരിച്ചൂടി. നോക്കുന്നിടത്തെല്ലാം പൂക്കൾ മാത്രം. അത്തം മുതൽപത്തു ദിവസം മുറ്റത്ത് പൂക്കളം തീർക്കേണ്ടത് ഞങ്ങൾഅഞ്ചാറു പേരട ങ്ങുന്ന കുട്ടിപ്പടയാണ്. രാവിലെ എഴുന്നേറ്റ് കുളിച്ച് അലക്കിയ ഡ്രസ്സിട്ട് വേണം പൂപറിക്കാൻ പോകാൻ. കൈതയോല കൊണ്ട് മെടഞ്ഞ നല്ല മണമുള്ള പൂക്കൂട ഓരോരുത്തരുടെ കയ്യിലുമുണ്ടാകും. പൂക്കൂട കിട്ടിയാൽ പുതിയ പുസ്തകം കിട്ടിയ പോലെ ആ കൈതോലമണം എല്ലാവരും മൂക്കിൽ വലിച്ചു കയറ്റും.

കുളി കഴിഞ്ഞ് എല്ലാവരും റെഡിയായാൽ പറമ്പിറങ്ങി നീണ്ടു കിടക്കുന്ന പാടവരമ്പിലൂടെ വരിവരിയായി ഒരോട്ടമാണ്. പാടം നിറയെ വിരിഞ്ഞുനിൽക്കുന്ന കാക്കപ്പൂവും ഓണപ്പൂവും തോട്ടിലെ ആമ്പൽ പ്പൂവുമാണ് ആദ്യലക്ഷ്യം. ഞങ്ങളുടെ ഓട്ടത്തിനിടയിൽ വരമ്പിലിരിക്കുന്ന തവളകളും നീർക്കോലിപ്പാമ്പുകളും തോട്ടിലെ വെള്ളത്തിലേക്ക് 'ഗ്ലും ഗ്ലും' എന്ന ശബ്ദത്തിൽ എടുത്തു ചാടും. വയൽപ്പൂക്കൾ പറിച്ച് കൂടയിലാക്കി പിന്നെ ഓട്ടം പറമ്പിലേക്കാണ്. പറമ്പ് നിറയെ വെള്ളപ്പട്ട് വിരിച്ചിട്ട പോലെ തുമ്പപ്പൂക്കളുണ്ടാകും. പൂക്കളത്തിൽ തുമ്പപ്പൂ ഒഴിവാക്കാൻ പാടില്ലെന്ന് മുത്തശ്ശി പറഞ്ഞിട്ടുണ്ട്. വളരെ ചെറിയ പൂക്കളാകയാൽ ശ്രദ്ധിച്ചു പറിച്ചില്ലെങ്കിൽ പുല്ലിനിടയിലേക്ക് വീണ് അവ നഷ്ടപ്പെടും. അത് കഴിഞ്ഞ് വെള്ളവട്ടപ്പിരിയൻ പൂ പറിക്കും. അത്രയുമായാൽ ചിലരുടെ പൂക്കൂട നിറയും. നിറയാത്തവർ ആടലോടക വേലിക്കരികിലെ മഞ്ഞക്കോളാമ്പി, അരിപ്പൂ, മുക്കുറ്റി, ഉപ്പിളിയൻ, കണ്ണാന്തളി, ചെത്തി, ചെമ്പരത്തി എന്നിവ ശേഖരിച്ച് കൂട നിറക്കും.

ഞങ്ങളുടെ പറമ്പും തൊടിയും കഴിഞ്ഞാൽ തൊട്ടപ്പുറത്ത് കാടുമൂടിക്കിടക്കുന്ന ഒരു സർപ്പക്കാവും കുളവുമുണ്ട്. തൊട്ടാവാടി, ചുവന്ന ആമ്പൽ, വെള്ളയാമ്പൽ, മഞ്ഞക്കോളാമ്പി, ഹനുമാൻ കിരീടം, നീല ശംഖുപുഷ്പം എന്നിവയാൽ സമൃദ്ധമാണവിടം. പാമ്പിനെ പേടിച്ച് സർപ്പക്കാവിലാരും കയറി പൂപറിക്കാറില്ല. ഓണക്കാലത്ത് അടുത്ത കുന്നിൻ മുകളിൽ നിന്ന് നോക്കിയാൽ അവിടത്തെ ആമ്പൽക്കുളം വർണശബളമായ ഒരു വലിയ പൂക്കളം പോലെ കാണാം. ആമ്പൽക്കുളത്തിന് ചുറ്റും ചെമ്പട്ടു ചുറ്റിയ പോലെ ചുവപ്പണിഞ്ഞു നിൽക്കുന്ന ഹനുമാൻ കിരീടക്കാട് നിറയെ പൂത്തിട്ടുണ്ടാകും. ഓണക്കാലത്തെ ഈ



വിസ്മയകാഴ്ച കാണാൻ വീട്ടിലെ വലിയവരും അമ്മ മാരും നല്ല വെയിലുള്ള വൈകുന്നേരങ്ങളിൽ കുട്ടികൾക്കൊപ്പം കുന്നു കയറും.

രാവിലെ ചിങ്ങവെ യിൽ പരക്കുമ്പോൾ പൂപറി ക്കാൻ എനിക്ക് സഹാ യത്തിന് അയൽ വീട്ടിലെ നാസറുമുണ്ടാകും. നാസർ എന്റെ ബെസ്റ്റ് ഫ്രെന്റാ. അവന്റെ ചേച്ചി ആമിനത്താത്തയും ചിലപ്പോൾ ഒപ്പംകൂടും. ഓണത്തിന് ഞങ്ങൾ ഒരു കിണ്ണം നിറയെ പായസം അയൽ വീട്ടിലെത്തിക്കും. ആമിനത്താത്ത എനിക്ക് മധുരവും നല്ല മണവും രുചി യുമുള്ള നെയ്യപ്പം തരും.

ഞങ്ങൾ പൂ പറിക്കാൻ പറമ്പിലിറങ്ങിയാൽ പലനിറ ങ്ങളിലുള്ള പൂമ്പാറ്റകൾ ചുറ്റും പറന്നുയരും. ചിലത് നമ്മെ തൊട്ടുരുമ്മിപ്പറക്കും. പക്ഷേപിടിക്കാൻ കിട്ടില്ല കൂടെ 'ഹെലിക്കോപ്റ്റർ' എന്ന് നാസർ വിളിക്കുന്ന പൂവാലൻ തുമ്പികളും! തുമ്പികളെ പിടിക്കാൻ വിരുതനാണ് നാസർ. അവയെ പിടിച്ച് ചെറിയകല്ലെ ടുപ്പിച്ച് വാലിൽ നീളമുള്ള ചരടു കെട്ടി പറക്കാൻ വിടു ന്നത് ഞങ്ങളുടെ ഓണക്കാല വിനോദങ്ങളിലൊന്നാണ്. ഭാരംതാങ്ങാനാകാത്ത കല്ലാണെങ്കിലും വിടാതെ മുറുകെ പിടിച്ച് ചിറകടിച്ച് പണിപ്പെട്ട് മുകളിലേക്കു യരും പാവങ്ങൾ!


എല്ലാവരും പൂക്കളു മായി തിരിച്ചെത്തിയാൽ പൂവിടലായി. ഇതിന് ചില ചിട്ടകളൊക്കെ മുത്തശ്ശി പറഞ്ഞു തന്നിട്ടുണ്ട്. ഏറ്റവും നടുവിൽ ചുവന്ന ആമ്പൽപ്പൂവ്. അതിന് ചുറ്റും തുമ്പപ്പൂവിന്റെ ഒരു വലയം. മൂന്നാമത്തെ വൃത്തം ഓണപ്പൂവും കാക്കപ്പൂവും. ഇനി കിട്ടിയ ബാക്കി പൂക്കൾ ഭാവനയ്ക്കനു സരിച്ച് ഇട്ടു തീർക്കാം. പൂക്കൾ കൂടുമ്പോൾ കളങ്ങൾ പെരുകും.

കളങ്ങൾക്കുമുണ്ട് കണക്കുകൾ. അത്തം നാൾ ഒരു കളം. ചിത്തിരക്ക് രണ്ട്. ചോതി മൂന്ന്. അങ്ങനെ യങ്ങനെ തിരുവോണമെ ത്തുമ്പോൾ പത്തുകളങ്ങ ളുണ്ടാകണം. ഓരോ കളത്തിലും ഓരോ ദേവ സങ്കൽപ്പവുമുണ്ടെന്ന് മുത്തശ്ശി പറയാറുണ്ട് ഒന്നാം നാൾ ഗണപതിക്കളമാണ്. രണ്ടാംനാൾ ശക്തി. മൂന്ന് ശിവൻ. നാല് ബ്രഹ്മാവ്. അഞ്ച് പഞ്ചഭൂതങ്ങൾ. ആറ് ഷണ്മുഖൻ. ഏഴ് ഗുരു. എട്ട് അഷ്ടദിഗ്പാലകർ. ഒൻപത് ഇന്ദ്രൻ. പത്ത് വിഷ്ണു. പണ്ട് കാലത്ത് ചില വീട്ടുകാർ ദേവസങ്കൽപ്പമനുസരിച്ചുള്ള പ്രതിമകൾ പൂക്കളത്തിൽ അണിനിരത്താറുണ്ട്.

തിരുവോണ നാളിൽ കുട്ടികളെല്ലാവരും കൂടി മാറ്റിയും മറിച്ചും പൂക്കളമൊ രുക്കിക്കഴിയുമ്പോൾ നേരം ഉച്ചയോടടുക്കും. അതിനിടെ ചിലപ്പോൾ ഓണവേടന്റെ വരവുണ്ടാകും. ചെറിയ കുട്ടികളാണ് വേടൻ കെട്ടി വീടുകളിൽ വന്ന് ആടുക. അപ്പോഴേക്കും ഓണസ്സദ്യയുണ്ണാൻ സമയമാകും. വയറു നിറയെ സദ്യയുണ്ട് കഴിഞ്ഞാൽ ഓണക്കളികളായി. ഊഞ്ഞാലാട്ടം, തുമ്പിതുള്ളൽ, പന്തുകളി, ഗോട്ടികളി, കമ്പവലി തുടങ്ങി മുതിർന്നവർ കൂടി പങ്കെടുക്കുന്ന പലതരം ഓണക്കളികൾ. എങ്ങും പരസ്പരസ്നേ ഹവും സമൃദ്ധിയും സന്തോഷവും മാത്രം തുളുമ്പി നിന്ന ഇത്തരം കാഴ്ചകളിലേക്ക് കാലമൊന്ന് പിറ കോട്ട് സഞ്ചരി ച്ചിരുന്നെങ്കിൽ എന്ന് ഓരോ ഓണക്കാലവും കൊതിപ്പിക്കുന്നു.

# വീടൊരു നാട് നാടൊരു വീട്

ഇ എൻ ഷീജ



കുട്ടി ചിത്രത്തിലേക്കു തന്നെ നോക്കി നിന്നു. ഒരു പാട് ദിവസമെടുത്ത് വരച്ച ചിത്രമാണ്. രണ്ടു ദിവസം മുമ്പ് പൂർത്തിയായതേയുള്ളു.

ഒരു ഗ്രാമത്തിന്റെ ചിത്രം പുസ്തകത്തിൽ വരയ്ക്കാൻ പറഞ്ഞതായിരുന്നു ടീച്ചർ.കുട്ടി വരയ്ക്കുകയും ചെയ്തു. ക്ലാസ്സിൽ എല്ലാവരും വരച്ചതിൽ വച്ച് മികച്ച ചിത്രമാണ് കുട്ടിയുടേത് എന്നാണ് ടീച്ചർ പറഞ്ഞത്. ഒരു വലിയ പേപ്പറിൽ ഈ ചിത്രം വരയ്ക്കൂ എന്ന് പറഞ്ഞതും ടീച്ചറാണ്. ആ വലിയ ഗ്രാമമാണ് ഇങ്ങനെ മഴ നനഞ്ഞ് നാശമായി കിടക്കുന്നത്.

ചായങ്ങളൊലിച്ചിറങ്ങി മലയും പുഴയുമൊക്കെ ഒന്നായി ഒഴുകിപ്പരന്നിരിക്കുന്നു. വീടുകളെയും കൂടെയൊഴുക്കിക്കൊണ്ടു പോയിരിക്കുന്നു... കുട്ടി ചിത്രം കയ്യിലെടുത്തു. മഴയിൽ കുതിർന്ന് രൂപമേ മാറിയ ഗ്രാമം കുട്ടിയുടെ കൈകളിലിരുന്ന് വിറച്ചു. കുട്ടിക്ക് കരച്ചിൽ വന്നു. കുട്ടിയുടെ മനസ്സിൽ കഴിഞ്ഞ ദിവസം ടി വിയിൽ കണ്ട ദൃശ്യങ്ങൾ തെളിഞ്ഞുവന്നു.

കലങ്ങിമറിഞ്ഞ് ആർത്തിരമ്പി വരുന്ന വെള്ളം... കടപുഴകി ഒഴുകിവരുന്ന മരങ്ങൾ... പാറക്കല്ലുകൾ... തകർന്ന കെട്ടിടങ്ങൾ... വീടുകൾ... വഴി മാറി കുതിച്ചൊഴുകി വരുന്ന പുഴ... ഇതിനൊക്കെയിടയിൽ നിന്നുയരുന്ന നിലവിളികൾ... ഞരക്കങ്ങൾ...

വയ്യ ഇതൊന്നും കാണാൻ വയ്യ. കുട്ടി രണ്ടു കൈകൊണ്ടും മുഖം പൊത്തി തേങ്ങി... അവ്യക്തമായ പല പല ചിത്രങ്ങൾ കൈവിരലുകൾക്കിടയിലൂടെ തെളിയുകയും മായുകയും ചെയ്യുന്നതു പോലെ തോന്നി കുട്ടിക്ക്.

എല്ലാവരും നഷ്ടപ്പെട്ട് ഒരമ്മൂമ്മ കുട്ടിയുടെ മുന്നിലിരുന്ന് പൊട്ടിക്കരഞ്ഞു. അമ്മയും അച്ഛനും നഷ്ടപ്പെട്ട ഒരു കുഞ്ഞുവാവ ഒന്നുമറിയാതെ കുട്ടിയുടെ വിരലിൽ തെരുപ്പിടിച്ചു. നനഞ്ഞു കുതിർന്ന സ്കൂൾ ബാഗും നെഞ്ചോടമർത്തിപ്പിടിച്ച് ഒരു സ്കൂൾകുട്ടി കുട്ടിയുടെ ചാരെ മരവിച്ച കണ്ണുകളോടെ ഇരുന്നു. പതുക്കെപ്പതുക്കെ കുട്ടിയുടെ മുന്നിൽ ഒരാൾക്കൂട്ടം നിറഞ്ഞു. പ്രിയപ്പെട്ടവരെ പേരെടുത്ത് വിളിച്ച് കരയുന്നവരുടെ ഒരു കൂട്ടം. ഓരോ പേരുവിളിയിലും കുട്ടി ഞെട്ടി. തേങ്ങലുകളിൽ കുട്ടി ഉലഞ്ഞു.

കുട്ടി കണ്ണുകൾ ഇറുക്കെ അടച്ചു. ഉറക്കെ കരയാൻ തോന്നിയെങ്കിലും കരച്ചിലടക്കി. പിന്നെ ഒരു വലിയ പേപ്പറെടുത്തു. ഒരു വീട് വരയ്ക്കാൻ തുടങ്ങി. വലിയ വീട്... വിശാലമായ വീട്... പിന്നെ, വീട്ടിലെ ആളുകളെ വരയ്ക്കാൻ തുടങ്ങി. കുട്ടിയുടെ ചുറ്റും നിന്ന് വാവിട്ട് കരഞ്ഞ ആളുകൾ ഒന്നൊഴിയാതെ വീട്ടിലെത്തി. തീരാനഷ്ടങ്ങളുടെ കൊളുത്തുകൾ അവരെ കൂട്ടിയിണക്കി.

പിന്നെ കുട്ടി വരച്ചത് കളിപ്പാട്ടങ്ങളാണ്. പല നിറത്തിലുള്ള, പല തരത്തിലുള്ള കളിപ്പാട്ടങ്ങൾ. കുഞ്ഞുങ്ങളുടെയും കളിപ്പാട്ടങ്ങളുടെയും ഒച്ചയിൽ വീട് നിറഞ്ഞു.

സന്തോഷത്താൽ കണ്ണു നിറഞ്ഞിട്ടും കുട്ടി വര നിർത്തിയില്ല. കോഴിയും പൂച്ചയും പട്ടിയും പശുവുമൊക്കെ കുട്ടിയുടെ വിരലിൽ നിന്ന് ഇറങ്ങി വന്നു. പിന്നെ, കുട്ടി വിശാലമായൊരു മുറ്റം വരച്ചു. മുറ്റത്തിനോടു ചേർന്നൊരു പറമ്പും. പല മാതിരി മരങ്ങളുള്ള ഒരു പറമ്പ്..അതിരുകളില്ലാത്ത മുറ്റത്തും പറമ്പിലും അവരൊക്കെയും സ്വതന്ത്രരായി ചുറ്റിനടന്നു.

കുട്ടി ചുറ്റും നോക്കി... ഇത്തിരി കൂടി വെളിച്ചം വേണം... വെളിച്ചത്തിരകൾ വീടാകെ നിറയണം. വെളിച്ചപ്രളയത്തിൽ നോവുകൾ അലിഞ്ഞ മരണം...കുട്ടി മുറ്റത്ത് വലിയൊരു മരം വരച്ചു. മരത്തിൽ വലിയൊരു നക്ഷത്രവും. അതോടെ വീടിനു ചുറ്റും വെളിച്ചത്തിന്റെ പുഴയൊഴുകാൻ തുടങ്ങി. ആളുകളുടെ മുഖത്തും വെളിച്ചം നിറഞ്ഞു. വീട്ടിൽ കളിചിരികൾ നിറഞ്ഞു. പല വീടുകളിൽ നിന്നായി ഒഴുകിയെത്തിയ മനുഷ്യരുടെ കളിചിരികളിൽ വീട് കുളിർന്നു. വീടൊരു നാടായി കുളിർന്നു.





വര: റോണി ദേവസ്യ



വര: രഞ്ജിത്ത് ടി

# ലാബ്രഡോർ

**ദേവലാൽ ചെറുകര**

ശിഖരങ്ങളിലേക്ക് പറന്നും ചിലച്ചും പക്ഷികൾ മരങ്ങളെ ഉണർത്താൻ തുടങ്ങിയ നേരത്താണ് ടോബി വാതിൽ തുറന്ന് അകത്തേക്ക് വന്നത്. മിനുമിനുത്ത ശരീരം കുടഞ്ഞ് അവൻ ഒരു ചാട്ടത്തിന് നിവിന്റെ കിടക്കയിലേക്ക് വീണു. അവനിപ്പോൾ പഞ്ഞിക്കെട്ട് പോലെ നിവിന്റെ നെഞ്ചിൽ ഒട്ടിച്ചേർന്ന് കിടക്കുകയാണ്. ടോബിയുടെ പഞ്ഞിരോമങ്ങളെ തൊട്ടുതലോടി നിവിൻ ഉറക്കത്തിലേക്ക് തന്നെ മടങ്ങിപ്പോയി.

കണ്ണ് ചിമ്മിത്തുറന്നപ്പോൾ തന്റെ കിടക്കയിൽ ടോബിയെ കാണാനില്ല, മൂവാണ്ടൻ മാവിന്റെ ചില്ലയിൽ പക്ഷികളുടെ അനക്കവുമില്ല. ഒരു സ്വപ്നം നിമിഷങ്ങൾ കൊണ്ട് വിരിഞ്ഞ് കൊഴിഞ്ഞ് പോയിരിക്കുന്നു. നിവിന്റെ പത്താം പിറന്നാളിന് പപ്പ വാങ്ങിത്തരുമെന്ന് കരുതിയ ലാബിന്റെ കുഞ്ഞിന് ചേച്ചിയാണ് ടോബി എന്ന പേര് കണ്ടുവച്ചത്.

സന്ധ്യയ്ക്ക് കായലോരത്തേക്ക് യാത്ര പോയപ്പോൾ സ്വപ്നത്തിന്റെ ബാക്കിയായി ടോബിയുടെ ചിന്തകൾ വാലുമാട്ടി കയറി വന്നു. വളഞ്ഞും തിരിഞ്ഞും പാമ്പിനെപ്പോലെ നീണ്ട വഴിയിലൂടെ കാർ മുന്നോട്ട് പോയി. ഇരുവശത്തും വെള്ളം കയറിയ പാടമാണ്. അപ്പാപ്പന്റെ ബജിക്കടയുടെ മുന്നിലെത്തി വണ്ടി നിന്നു. ധ്യാനത്തിലായ കൊക്കുകളും ചുവന്നുപോയ ആകാശവും പിന്നെ മരങ്ങളും ചേർന്നപ്പോൾ കായലോരം ആരോ വരച്ചിട്ട ചിത്രമായി മാറി. എല്ലാത്തിനേയും പൊതിഞ്ഞ് വീശിയ കാറ്റ് ചിത്രത്തെ ചലിപ്പിച്ചു കൊണ്ടിരുന്നു. ആകാശം പിന്നെയും ചുവന്നു, ഇനി ഇരുൾ പരക്കും. ചെറിയ റാന്തൽ പോലൊരു സോളാർ

ലൈറ്റ് കടയുടെ മൂലയിൽ തൂങ്ങിക്കിടക്കുന്നു. പപ്പയും മമ്മിയും ഇറങ്ങി നടന്നു.

ചേച്ചിയെപ്പോലെ നിവിനും കാറിന്റെ ഉള്ളിലിരുന്ന് മേഘങ്ങൾ നിറം മാറിക്കളിക്കുന്നത് നോക്കുകയാണ്. അപ്പാപ്പന്റെ ചെറിയ കടയുടെ വിടവിലൂടെ വെളുത്ത് കുറുകിയ ഒരു കുഞ്ഞൻ നായ തല നീട്ടി. 'ചേച്ചീ, ലാബിന്റെ കുഞ്ഞ്' നിവിൻ ആവേശത്തോടെ കാറിന് പുറത്തിറങ്ങി. 'അത് ലാബല്ല. നാടൻ പട്ടിയാ. കുഞ്ഞിപ്പട്ടികളെല്ലാം ഇതുപോലാ, ഭംഗിതോന്നും.' ചേച്ചി പറഞ്ഞത് ശ്രദ്ധിക്കാതെ അവൻ പട്ടിക്കുഞ്ഞിന് പിൻപേ നടന്നു. കൈയ്യിലിരുന്ന ബിസ്കറ്റ് ഇട്ടുകൊടുത്തപ്പോൾ അവൻ ആദ്യം മണത്ത് നോക്കി. പിന്നെ വേഗം കഴിച്ചു തീർത്തിട്ട് നിവിനോട് കൂട്ട് കൂടി. അപ്പാപ്പൻ ചട്ടിയിൽ നിന്ന് ബജി കോരിയെടുത്ത് പാത്രത്തിലാക്കുമ്പോഴാണ് നിവിനെ ശ്രദ്ധിച്ചത്. 'എന്താ കുഞ്ഞനെ കൊണ്ടുപോകുന്നോ.'കൊണ്ടുപോകാം എന്ന ഭാവത്തിൽ അവൻ തലയാട്ടിക്കൊണ്ട് കുഞ്ഞനെ കൈയ്യിലെടുത്തു.' ഇവനെ നന്നായിനോക്കുമെങ്കിൽ മാത്രം തരാം, ഞാനിനി എത്ര നാൾ ഉണ്ടാവുമെന്ന് ആർക്കറിയാം.' അപ്പാപ്പന്റെ മുഖത്തെ ചുളിവുകൾ സങ്കടച്ചിരിയിൽ വിടർന്നു.

കുറച്ച് നാൾ മുൻപാണ് ഓടിപ്പോയ ഓട്ടോയിൽ നിന്ന് ഒരു ചാക്ക്കെട്ട് കടയുടെ അരികിലായി വന്ന് വീണത്. മനുഷ്യർ കണ്ണിൽ കണ്ട ഇടത്തെല്ലാം മാലിന്യം വലിച്ചെറിയുന്നുണ്ട്. പക്ഷേ ചാക്ക് കെട്ട് അനങ്ങാൻ തുടങ്ങിയപ്പോൾ അപ്പാപ്പന് ഭയംതോന്നി. പാലുകുടി മാറാത്ത ഒരു വെളുമ്പൻ പട്ടിക്കുഞ്ഞ് ചാക്കിൽ നിന്ന് തല പുറത്തേക്ക് നീട്ടി. ചോണനുറുമ്പുകൾ പൊതിഞ്ഞ അവന്റെ കുഞ്ഞ് ജീവനെ മരണത്തിന് വിട്ടുകൊടുക്കാതെ അപ്പാപ്പൻ കൂടെക്കൂട്ടി.

കടയും കായലും പിന്നിൽ മറഞ്ഞ് പോയപ്പോൾ കുഞ്ഞന് സങ്കടം തോന്നി. എവിടേക്കാണ് താൻ പോകുന്നത് എന്നറിയാതെ അവൻ കാഴ്ചകളിലേക്ക് ഭയത്തോടെ നോക്കിയിരുന്നു. നിവിന്റെ വീട്ടിലെ പുതിയ കൂടിനോട്, ഇത്തിരി പോന്നൊരു ബെൽറ്റിനോട് പിന്നെ എല്ലാവരുടേയും സ്നേഹത്തോട് കുഞ്ഞൻ വളരെ വേഗം ഇണങ്ങിച്ചേർന്നു. ടോബി എന്ന വിളി കേട്ട് അവൻ പഴയ പേര് പോലും മറന്നുപോയി. നിവിനൊപ്പം കിടക്കയിലും മുറിയിലും കൂട്ടിലുമായി അവൻ വളർന്നു. മതിൽ കടന്നെത്തുന്ന എലിയും



പൂച്ചയും ടോബിയെക്കണ്ട് ഭയന്നോടാൻ തുടങ്ങി. മാസമൊന്ന് കഴിഞ്ഞപ്പോൾ അവനൊന്ന് മെലിഞ്ഞെങ്കിലും സ്നേഹത്തിന് ഒരു കുറവും ഉണ്ടായില്ല.

നിവിന്റെ കൂട്ടുകാർ വീട്ടിലെത്തിയപ്പോൾ ടോബി അനുസരണയുള്ളവനായി. റോഡ് വീലറിനേയും ലാബിനേയുമൊക്കെ തന്റെ വീട്ടിൽ വളർത്തുന്നതിനാൽ നിറയെ നായവിശേഷങ്ങളറിയാവുന്ന അനന്തുവും അവർക്കൊപ്പം എത്തിയിരുന്നു. അവൻ ടോബിയുടെ ശരീരശാസ്ത്രം നോക്കി. 'ലാബ് റിട്രീവർ കാനഡക്കാരനാ. റിട്രീവറെന്ന് പറഞ്ഞാൽ കണ്ടെത്തുന്നവൻ എന്നാ മീനിങ്. വേട്ടപ്പട്ടിയാ അവൻ. ഇത് സ്ട്രീറ്റ് ഡോഗാ. വഴിയിൽ കാണുന്ന പട്ടി. നിന്നെ ആരോ പറ്റിച്ചതാ.' അനന്തു പറഞ്ഞത് കേട്ടപ്പോൾ ഉച്ചനേരത്തും ആകാശത്ത് ഇരുട്ട് നിറയുകയാണെന്ന് നിവിന് തോന്നി.

'പപ്പാ, ടോബി ലാബല്ലേ. നാടൻ ഡോഗാണോ.' അനന്തു പറഞ്ഞത് വിശ്വാസം വരാതെ നിവിൻ പപ്പയെ നോക്കി. 'അത് ലാബല്ല, സ്നേഹമുള്ള ഒരു നാടൻ പട്ടിക്കുഞ്ഞാണ്. അവനെന്തൊരു സ്നേഹമാ മോനോട്.' പെട്ടെന്ന് സങ്കടം കടൽ പോലെ ഇരമ്പിയെത്തി അവനെ മുടിക്കളഞ്ഞു.രാത്രിയിൽ അവൻ കണ്ണ് തുറന്ന് കിടന്നു.' എനിക്കതിനെ വേണ്ട പപ്പാ, ലാബിനെ മതി.' പപ്പയും മമ്മിയും ഒന്നും കേട്ടില്ലെന്ന് കരുതി അവൻ ഒരിക്കൽക്കൂടി ആ വാചകങ്ങൾ ആവർത്തിച്ചു. നിവിൻ ആരോടും മിണ്ടാതെ മുറിയിൽ അടച്ചിരുന്നു.

ലാബിനെ വാങ്ങാതെ ആഹാരം കഴിക്കില്ലെന്ന വാശിയിൽ പപ്പ വീണു പോകുമെന്ന് അവന് അറിയാമായിരുന്നു. സന്ധ്യയായപ്പോൾ നിവിൻ പപ്പയോടൊപ്പം കാറിലേക്ക് കയറിയതിന് പിന്നാലെ ടോബിയും വാഹനത്തിലേക്ക് ഓടിക്കയറി. വളഞ്ഞ് തിരിഞ്ഞ വഴിയിലൂടെ വണ്ടി മുന്നോട്ട് പോയി. കായലോരത്തെ മരത്തിലേക്ക് നീർകാക്കകൾ കൂട്ടത്തോടെ പറന്നെത്തുകയാണ്.

അപ്പാപ്പന്റെ കടയിലെ ചെറിയ വെളിച്ചത്തിന് താഴെയെത്തി വണ്ടി നിന്നു. പുറത്ത് ചാടിയ ടോബി വാലാട്ടിക്കൊണ്ട് അപ്പാപ്പന് നേരെ ഓടി. 'നീയെന്നെ മറന്നില്ലല്ലോ' അപ്പാപ്പൻ അവനെ തലോടി. 'പപ്പ കാര്യങ്ങളെല്ലാം അപ്പാപ്പനോട് വിശദീകരിക്കുന്നത് നിവിൻ കേട്ടുനിന്നു. 'അതൊന്നും സാരമില്ല സാറേ, പൊന്നുപോലെ വളർത്തിയ മക്കൾ ഞങ്ങളെ ഉപേക്ഷിച്ച് പോയപ്പം തോന്നിയ അതേ വിഷമം ഇപ്പോൾ കുഞ്ഞനും തോന്നാൻ തുടങ്ങും. ഉപേക്ഷിക്കപ്പെടുന്നവർക്ക് മാത്രമേ ആ സങ്കടം മനസ്സിലാകു.' അപ്പാപ്പന്റെ കണ്ണുകൾ നിറഞ്ഞ നേരം പപ്പ ഒന്നും മിണ്ടാതെ കാറിന് നേരെ നടന്നു. വണ്ടി മുന്നോട്ട് നീങ്ങിയപ്പോൾ ടോബി ഭയന്നുപോയി. അവൻ കാറിന് പിൻപേ വേഗത്തിലോടി. 'നിവിനേ ഞാൻ കേറിയിട്ടില്ല' എന്ന് ഉറക്കെ വിളിച്ച് പറയുമ്പോലെ അവൻ കരഞ്ഞു. സൂര്യനപ്പോൾ പൂർണമായും കണ്ണുകളടച്ചു. ഓടിത്തളർന്ന ടോബി വഴിയിൽ നിന്ന് കിതച്ചു. അവന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

മുന്നോട്ട് പോയ വാഹനം മെല്ലെ നിന്നു. ടോബിയുടെ നേരെ നിവിൻ ഓടുകയാണ്. ടോബിയെ നെഞ്ചോട് ചേർത്ത് പിടിച്ച് കാറിന് നേരെ നടക്കുമ്പോൾ നിവിന്റെ കണ്ണുകളിൽ നനവ് പടർന്നിരുന്നു. ദൂരെ നിന്ന് അപ്പാപ്പൻ ഇതെല്ലാം കാണുന്നുണ്ടായിരുന്നു. ആകാശത്തപ്പോൾ ചന്ദ്രികയും നക്ഷത്രങ്ങളും തെളിയാൻ തുടങ്ങി.

കവിത



# തത്തമ്മ

**പൂവത്തൂർ ചിത്രസേനൻ**



തത്തിത്തത്തി പാടത്ത്
കൊഞ്ചും തത്തമ്മേ
പുത്തരിമുല്ലച്ചോറ് തരാം ഞാൻ
കൂടെപ്പോരാമോ
നാടും വീടും കൂടും ചുറ്റി
നന്മകൾ നെയ്തീടാം
ഓലത്തുമ്പത്തൂഞ്ഞാലാടും
കുരുവികളോടൊത്ത്
ആടിപ്പാടി രസിച്ചീടാനായ്
കൂടെപ്പോരാമോ.

വര: രഞ്ജിത്ത് ടി

# കുരുവിക്കൂട്

**ദിവാകരൻ വിഷ്ണുമംഗലം**



വര: ജോണി എം. പ്രഭ

നോക്കൂ മരക്കൊമ്പിലൊന്നിൽ
നല്ല തൂക്കണാം കുരുവിതൻ കൂട്
നേരിയനാരുകൾകൊണ്ടുനെയ്ത
ചേലിയലുന്നൊരു കൂട്
എന്തൊരു ഭംഗിയാണെന്നോ
താഴേക്കിങ്ങനെ തൂങ്ങുന്ന കൂട്!
കൂട്ടിനകത്തിരിപ്പുണ്ടോ നല്ല
തൂക്കണാംകുരുവീ, നിൻ കുഞ്ഞ്
എന്നും അടയിരിപ്പാണോ
കൂട്ടിനുള്ളിൽ നീ കുഞ്ഞിന്നുമോളിൽ?
എങ്ങുന്നു കിട്ടി നിനക്കീ കൂടു
നന്നായ് പണിയുന്ന വിദ്യ?
എന്നെപ്പഠിപ്പിച്ചിടാമോ നിന്റെ
സുന്ദരമാം കലാവിദ്യ?



# ദിവ്യ ദേശ്മുഖ്

## ലോകകിരീടം നേടുന്ന ആദ്യ ഇന്ത്യൻ വനിത

ഗിരീഷ് പി



2025 ജൂലൈയിൽ ജോർജിയയിലെ ബാത്തൂമിയിൽ നടന്ന FIDE വനിതാ ചെസ്സ് ലോകകപ്പ് ഇന്ത്യൻ ചെസ്സിന്റെ ചരിത്രത്തിൽ ഒരു സുവർണ അധ്യായം രചിച്ചു. ഫൈനലിൽ, ഇന്ത്യൻ ഗ്രാൻഡ്മാസ്റ്റർ 39 കാരിയായ കോനേരു ഹമ്പിയും 19 കാരിയായ ഇന്റർനാഷണൽ മാസ്റ്റർ ദിവ്യ ദേശ്മുഖും തമ്മിൽ നടന്ന മത്സരം, ആദ്യമായി രണ്ട് ഇന്ത്യൻ കളിക്കാർ വനിതാ ലോകകപ്പ് ഫൈനലിൽ ഏറ്റുമുട്ടിയ ചരിത്ര നിമിഷമായി.

ജൂലൈ 26ന് ആരംഭിച്ച ഫൈനൽ മത്സരത്തിന്റെ ആദ്യ ഗെയിം 41 നീക്കങ്ങളിൽ സമനിലയിൽ അവസാനിച്ചു. വൈറ്റ് പീസുകളുമായി കളിച്ച ദിവ്യ, ക്വീൻസ് ഗാംബിറ്റ് അക്സപ്റ്റഡ് ഓപ്പണിംഗിൽ ആക്രമണോത്സുകമായ നീക്കങ്ങളിലൂടെ ഹമ്പിയെ സമ്മർദ്ദത്തിലാക്കി. എന്നാൽ, ഹമ്പിയുടെ പ്രതിരോധവും കൃത്യമായ കണക്കുകൂട്ടലുകളും ഗെയിം സമനിലയിലേക്ക് നയിച്ചു.

രണ്ടാം ഗെയിം ജൂലൈ 27ന് നടന്നു. 34 നീക്കങ്ങൾക്കൊടുവിൽ ആ മത്സരവും സമനിലയിൽ അവസാനിച്ചു. രണ്ട് ഗെയിമുകളും സമനിലയിൽ അവസാനിച്ചതോടെ, ലോകകപ്പിന്റെ വിധി ജൂലൈ 28ന് നടന്ന ടൈബ്രേക്കറുകളിൽ തീരുമാനിക്കപ്പെട്ടു. ദിവ്യ ദേശ്മുഖ് FIDE ലോക കിരീടം നേടുന്ന ആദ്യ ഇന്ത്യൻ വനിതയായി. ഈ നേട്ടത്തോടെ, കൊനേരു ഹംപി, ദ്രോണവല്ലി ഹരിക, ആർ വൈശാലി എന്നിവർക്കൊപ്പം ഗ്രാൻഡ് മാസ്റ്ററാകുന്ന നാലാമത്തെ ഇന്ത്യൻ വനിതയായി ദിവ്യ മാറി.

വിജയിയെ നിർണയിക്കുന്നതിനപ്പുറമാണ് മൂന്നു ദിവസം നീണ്ടുനിന്ന ഈ ഫൈനലിന്റെ പ്രാധാന്യം. ഹമ്പിയും ദിവ്യയും 2026ലെ വനിതാ കാൻഡിഡേറ്റ്സ് ടൂർണമെന്റിന് യോഗ്യത നേടിക്കഴിഞ്ഞു. ഇത് ഇന്ത്യൻ വനിതാചെസ്സിന്റെ പ്രതിഭാസമൃദ്ധിയെ തന്നെയാണ് സൂചിപ്പിക്കുന്നത്.

2005 ഡിസംബർ 9ന് മഹാരാഷ്ട്രയിലെ നാഗ്പൂരിലാണ് ദിവ്യ ദേശ്മുഖ് ജനിച്ചത്. ഡോക്ടർമാരായ ഡോ. ജിതേന്ദ്ര ദേശ്മുഖും ഡോ. നമ്രത ദേശ്മുഖുമാണ് ദിവ്യയുടെ മാതാപിതാക്കൾ. നാഗ്പൂരിലെ ഭവൻസ് ഭഗവന്ദാസ് പുരോഹിത് വിദ്യ മന്ദിറിൽ പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കി.

വിശ്വനാഥൻ ആനന്ദിനെ ആരാധിക്കുന്ന ദിവ്യ അച്ഛന്റെ ഹോബിയിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് അഞ്ചാം വയസ്സിൽ തന്നെ ചെസ്സ് കളി തുടങ്ങി. ആറാം വയസ്സിൽ രാഹുൽ ജോഷിയുടെ കീഴിൽ പരിശീലനം ആരംഭിച്ചു. പതിനാറാമത്തെ വയസിൽ 2021ൽ ഇന്ത്യയുടെ 21ാമത് വനിതാ ഗ്രാൻഡ്മാസ്റ്റർ ആയി. 2023ൽ ഇന്റർനാഷണൽ മാസ്റ്റർ ടൈറ്റിൽ നേടിയ താരവുമാണ്. 2025ലെ വനിതാ ചെസ്സ് വേൾഡ് കപ്പ് ജേതാവായ അവർ, മൂന്ന് തവണ ഒളിമ്പ്യാഡിൽ സ്വർണവും, ഏഷ്യൻ ചാമ്പ്യൻഷിപ്പ്, വേൾഡ് ജൂനിയർ ചാമ്പ്യൻഷിപ്പ്, വേൾഡ് യൂത്ത് ചാമ്പ്യൻഷിപ്പ് എന്നിവയിൽ ഒന്നിലധികം സ്വർണ മെഡലുകളും നേടിയിട്ടുണ്ട്.

കുട്ടികൾക്കായി ചെസ്സ് പരിശീലനം, വനിതാ ശാക്തീകരണം, വിദ്യാഭ്യാസ ബോധവത്കരണം എന്നിവ പ്രോത്സാഹിപ്പിക്കുന്ന ദിവ്യ ദേശ്മുഖിന്റെ ലക്ഷ്യം ലോകത്തെ മികച്ച 100 താരങ്ങൾക്കിടയിൽ എത്തുക, പൂർണ ഗ്രാൻഡ്മാസ്റ്റർ ടൈറ്റിൽ നേടുക എന്നിവയാണ്.

## മറ്റ് നേട്ടങ്ങൾ

- 2022: വനിതാ ഇന്ത്യൻ ചെസ്സ് ചാമ്പ്യൻഷിപ്പിൽ വിജയം; നാഗ്പൂരിൽ നിന്നുള്ള ആദ്യ വനിതാ ദേശീയ ചാമ്പ്യൻ.
- 2023: അൽമാട്ടിയിൽ നടന്ന ഏഷ്യൻ വനിതാ ചെസ്സ് ചാമ്പ്യൻഷിപ്പ് ജയിച്ചു.
- 2024: ഷാർജാ ചലഞ്ചേഴ്സ് ചാമ്പ്യൻ.
- FIDE വേൾഡ് U20 ഗേൾസ് ചെസ്സ് ചാമ്പ്യൻ (നാലാമത്തെ ഇന്ത്യൻ വനിത).
- ബുഡാപെസ്റ്റിൽ നടന്ന 45ാമത് ചെസ്സ് ഒളിമ്പ്യാഡിൽ ടീം, വ്യക്തിഗത സ്വർണ മെഡലുകൾ (9.5/11 പോയിന്റ്, 2608 പെർഫോമൻസ് റേറ്റിംഗ്).
- 2025: വേൾഡ് നമ്പർ 1 ഹൗ യിഫാനെ പരാജയപ്പെടുത്തി
- FIDE റേറ്റിംഗ്: 2024 ഒക്ടോബറിൽ 2501 (പീക്ക്), 2025 ജൂണിൽ 2463 (ലോക റാങ്ക് 18, ഇന്ത്യയിൽ 2ാം സ്ഥാനം).



# കുട്ടികൾ ഞങ്ങൾ മുന്നോട്ട്

**കെ എൻ കുട്ടി കടമ്പഴിപ്പുറം**

പുതുമഴ വന്നെൻ തിരുമുറ്റം
ജലസഞ്ചയമായ് തീർന്നല്ലോ
ഞാനുണ്ടാക്കി വഞ്ചിയൊരെണ്ണം
കടലാസ് വഞ്ചി എന്തു രസം!
കുട്ടികളൊന്നായ് ചാടിക്കയറിയ
കളിവഞ്ചിയതാ മുന്നോട്ട്
ലോകം ചുറ്റാൻ കാഴ്ചകൾ കാൺമാൻ
ഹായ് ഹായ് ഞങ്ങൾ രസിച്ചപ്പോൾ
മിന്നൽ പിണരുകൾ ഞങ്ങടെ ചുറ്റും
പൂത്തിരി ഒത്തിരി കത്തിച്ചേ
വെട്ടം കാൺകെ മുന്നോട്ടങ്ങനെ
കുട്ടികൾ ഞങ്ങൾ മുന്നോട്ട്!





വര: ജ്യോതിശ്രീ പ്രേം

# തിരുവോണം വന്നപ്പോൾ

രാജഗോപാലൻ നാട്ടുകൽ

തിരുവോണം വന്നല്ലോ, ഉണ്ണീ
തിരുമുറ്റത്തെന്താണു നോക്കൂ
പുതു മണ്ണെടുത്തു കുഴച്ച്
ചെറുരൂപമാരിതു വച്ചു?

തെളിയുന്ന നിലവിളക്കുണ്ടേ
അരികിലായ് അമ്മയുമുണ്ടേ
ഇരു കൈയും കൂപ്പിത്തൊഴുത്
ജപമുതിർത്താണമ്മ നില്പൂ

ഇലയിൽ പുഴുങ്ങിയ അടയും
പല പൂവും താലത്തിലുണ്ടേ
വടികുത്തി മുത്തശ്ശി ചെന്ന്
വിറപൂണ്ട കൈകളും കൂപ്പി

പെരു വയറുള്ളോരു പൂച്ച
അരികത്തു ചെന്നങ്ങു നിന്നൂ
അടയിൽ കൊതിയോടെ നോക്കി
പലവട്ടം മീശ തുടച്ചൂ.



വര: എൻ ജി സുരേഷ്കുമാർ പുള്ളങ്ങടി



# ടുട്ടുവിന്റെ ബഹിരാകാശയാത്ര

സുലോചന എം കൃഷ്ണ

ടുട്ടുപ്പൂച്ച നടക്കാനിറങ്ങി. നിലാവെളിച്ചത്തിൽ റോസാപ്പൂവും ചെമ്പരത്തിമൊട്ടും പുഞ്ചിരിച്ചു. പക്ഷെ ടുട്ടുവിന്റെ ശ്രദ്ധ പതിഞ്ഞത് ആകാശമാകുന്ന ദോശക്കല്ലിൽ കറുമുറാ കിടക്കുന്ന നെയ്ദോശപോലുള്ള അമ്പിളിമാമനിലാണ്.

ടുട്ടുവിന്റെ മനസ്സിൽ ആ ദോശക്കുട്ടനെ കൈക്കലാക്കാനൊരു കൊതി. അങ്ങനെ ടുട്ടുവിന് ചന്ദ്രനിലേക്ക് യാത്ര പോകാനൊരു ആശ തോന്നി.

ദോശക്കൊതിയനായ ടുട്ടു വാനശാസ്ത്രജ്ഞനായ ടോണിയെക്കണ്ട് തന്റെ ആഗ്രഹം പറഞ്ഞു. കഥ കേട്ടതും ടോണിക്ക് ടുട്ടുവിന് പറ്റിയ അമളി വ്യക്തമായി. എന്നിരുന്നാലും ടോണിയും കൂട്ടരും ടുട്ടുവിനെ ആകാശക്കുപ്പായമണിയിച്ച് പേടകത്തിൽ കയറ്റിയയച്ചു.

''ഹായ് !''

ചന്ദ്രനിൽ കാലു കുത്തിയതും ടുട്ടു സന്തോഷംകൊണ്ടു തുള്ളിച്ചാടി. കാലുകളും നീളൻ വാലും കുഞ്ഞ് മീശയും രോമങ്ങളുമെല്ലാം ഭാരം തോന്നാതെ ശൂന്യതയിൽ നൃത്തം വെച്ചപ്പോൾ ടുട്ടുവിന് കൗതുകം തോന്നി. കളി കഴിഞ്ഞപ്പോഴാണ് വികൃതിക്കാരൻ ടുട്ടു ദോശക്കുട്ടന്റെ കാര്യമോർത്തത്.

''അല്ല നല്ല മൊരിഞ്ഞ കുത്തിവരയോടുകൂടിയ ദോശക്കുട്ടൻ എവിടെ?''

ഇത് കേട്ട നക്ഷത്രക്കൂട്ടങ്ങൾ കയ്യടിച്ചു ചിരിച്ച് തമ്മിൽപ്പറഞ്ഞു.

''ടുട്ടുപ്പൂച്ച എന്തൊരു മണ്ടനാ!''

പതിവില്ലാതെ കാലനക്കവും ശബ്ദവും കേട്ട് അമ്പിളിമാമന് ക്ഷമകെട്ടു.

''ആരാണ് തന്നെ ഇത്ര ധൈര്യത്തോടെ ചവിട്ടുന്നത്? ആരാണത്? എന്താണൊരു ശബ്ദം?''

അമ്പിളിമാമൻ ദേഷ്യത്തോടെ ചോദിച്ചു.

ടുട്ടു മറുപടി പറഞ്ഞു.

''ആകാശത്തൊരു ദോശ കണ്ട് ഭൂമീന്ന് വന്നതാ.''

''വയറുപൊട്ടുവോളം എനിക്ക് ദോശ കഴിക്കണം.''

''നല്ല വിശപ്പ്.''

ചന്ദ്രൻ കുലുങ്ങിച്ചിരിച്ചു.

''അതിന് ഞാൻ ദോശയല്ലല്ലോ.''

''നിനക്ക് തെറ്റുറ്റി.''



ടുട്ടുവിന് വിശ്വസിക്കാനായില്ല.

''ദോശയല്ലെങ്കിൽ ദോശ പോലിരിക്കുന്ന നിങ്ങളാരാണ്?''

''നീ വരുന്നത് ഭൂമിയിൽ നിന്നല്ലേ. ഞാനും ഭൂമിയെപ്പോലെ ഒരു ഗ്രഹംതന്നെ. എന്റെ തൂവെള്ള നിറം വിശന്നിരിക്കുന്ന നിനക്ക് ദോശയായി തോന്നി.''

ടുട്ടുവിന് സങ്കടം വന്നു.

''മിന്നുന്നതെല്ലാം പൊന്നല്ല. എന്നു കേട്ടിട്ടില്ലേ.'' അമ്പിളിമാമൻ ആശ്വസിപ്പിച്ചു.

ടുട്ടുവിന് അവനു പറ്റിയ മണ്ടത്തരം മനസ്സിലായി. ആ ടോണിയും സംഘവും പറ്റിച്ചതാണ്. ടുട്ടുന് ദേഷ്യം വന്നു.

അമ്പിളിമാമൻ അവനെ ചേർത്തു നിർത്തി.

'അമ്പിളിമാമനെ കാണാൻ നല്ല ചന്തമുള്ള ദോശപോലുണ്ടെന്നും, നല്ല മനസ്സുള്ള മാമനെപ്പോലൊരാളെ കാണാൻ പറ്റിയത് ഭൂമിയിലുള്ള തന്റെ ഭാഗ്യമാണെന്നും' ടുട്ടു പറഞ്ഞു.

'അതുകൊണ്ടല്ലേ ഭൂമിയിലെ കുട്ടികളെല്ലാമെന്നെ നോക്കി മാമുണ്ണുന്നതെന്ന്' അമ്പിളി മാമനും തമാശ പറഞ്ഞു.

''തിരിച്ച് ഭൂമിയിലെത്തീട്ടു വേണം ആ ടോണീനേം കൂട്ടരേം ഒരു പാഠം പഠിപ്പിക്കാൻ.''

ടുട്ടു പേടകത്തിൽ കയറുമ്പോൾ പറഞ്ഞു. അമ്പിളിമാമനും നക്ഷത്രക്കൂട്ടങ്ങളും പൊട്ടിച്ചിരിച്ചു.





വര: സൂരജ് കക്കറയിൽ



# ന്യൂക്ലിയർ ബാറ്ററി

ശ്രീപ്രസാദ് വടക്കേപ്പാട്ട്

ഒന്നാലോചിച്ചുനോക്കൂ, ദിവസത്തിൽ ഒരു നേരമെങ്കിലും മൊബൈൽ ഫോൺ ചാർജുചെയ്യാത്തവർ നമുക്കിടയിൽ ഉണ്ടാകുമോ! ഒരു യാത്ര പോകുകയാണെങ്കിൽ പവർ ബാങ്ക് കൂടെക്കരുതിയില്ലെങ്കിൽ പിരിമുറുക്കം അനുഭവപ്പെടാത്തവരും കുറവായിരിക്കും. ഈ ചാർജ്ജുചെയ്യുന്ന ബുദ്ധിമുട്ടിന് എന്തെങ്കിലും ഒരു പരിഹാരം ഉണ്ടാകുമോ എന്ന് ആലോചിക്കാത്തവരായി അധികമാരും ഉണ്ടാകാനും വഴിയില്ല. അവരെയൊക്കെ സന്തോഷിപ്പിക്കാൻ ഇതാ ഒരു വാർത്ത! ഒരുപക്ഷേ ഭാവിയിൽ ഫോൺ ചാർജ്ജ് ചെയ്യുക എന്ന ബുദ്ധിമുട്ടിന് ഒരു പരിഹാരം ഉണ്ടാകാമെന്നാണ് സമീപകാലത്തെ ചില കണ്ടുപിടിത്തങ്ങൾ വിരൽ ചൂണ്ടുന്നത്.





ചൈനയിലെ ‘ബീജിംഗ് ബീറ്റാ വോൾട്ട് ന്യൂ എനർജി ടെക്നോളജി ലിമിറ്റഡ്’ എന്ന സ്ഥാപനമാണ് പ്രതീക്ഷയുടെ തിരിനാളമായി ഒരു കുഞ്ഞൻ ബാറ്ററി ഗവേഷണത്തിലൂടെ വികസിപ്പിക്കുകയും അതിന്റെ വാണിജ്യ ഉത്പാദനം ആരംഭിച്ചതായി പ്രഖ്യാപിക്കുകയും ചെയ്തിരിക്കുന്നത്. BV100 എന്ന് പേരിട്ടിരിക്കുന്ന, ഒരു നാണയത്തിന്റെ വലുപ്പമുള്ള ഈ ബാറ്ററി (15 x 15 x 5 മില്ലിമീറ്റർ മാത്രമാണ് അതിന്റെ വലുപ്പമെന്നാണ് നിർമ്മാതാക്കൾ അവകാശപ്പെടുന്നത്) മൂന്ന് വോൾട്ടിൽ (3V/100µWh) വൈദ്യുതോർജ്ജം പുറത്തുവിടുന്നു. അൻപത് വർഷത്തോളം തുടർച്ചയായി ഇത് പ്രവർത്തിക്കുമെന്നതാണ് എടുത്തുപറയേണ്ട കാര്യം! പുറത്തുനിന്ന് വൈദ്യുതി പ്രയോഗിച്ച് ചാർജ്ജുചെയ്യാതെയും മറ്റ് പരിപാലനങ്ങൾ ഒന്നുമില്ലാതെയും ഈ ബാറ്ററി വളരെക്കാലം എങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് നമുക്ക് പരിശോധിക്കാം.

ഇന്ന് നിലവിലുള്ള, നമ്മൾ കണ്ടിട്ടുള്ള ബാറ്ററികളെല്ലാം രാസപ്രവർത്തനം വഴിയാണല്ലോ വൈദ്യുതോർജ്ജം പുറത്തുവിടുകയോ ശേഖരിക്കുകയോ ചെയ്യുന്നത്. എന്നാൽ BV 100ന്റെ പ്രവർത്തനത്തെ രാസപ്രവർത്തനം എന്ന് പൂർണ്ണമായും വിശേഷിപ്പിക്കാനാകില്ല. BV100നെ ഒരു ന്യൂക്ലിയർ ബാറ്ററി എന്ന് വിളിക്കാം. നിക്കലിന്റെ റേഡിയോ ആക്റ്റീവ് ഐസോടോപ്പായ നിക്കൽ 63 (Ni-63) ഉപയോഗിച്ചാണ് ഈ ബാറ്ററി പ്രവർത്തിക്കുന്നത്. ഇതിലുപയോഗിക്കുന്ന നിക്കൽ63, ന്യൂക്ലിയർ ആക്റ്റിവിറ്റിയിലൂടെ (radioactive decay) ഊർജ്ജം പുറത്തുവിട്ട് കാലക്രമേണ ചെമ്പ് (Cu) ആയി മാറുന്നു.

റേഡിയോ ആക്റ്റീവ് നിക്കലും, ഡയമണ്ട് സെമികണ്ടക്റ്ററുമാണ് ന്യൂക്ലിയർ ബാറ്ററിയുടെ പ്രധാന ഘടകങ്ങൾ. Ni-63ന് ന്യൂക്ലിയർ ആക്റ്റിവിറ്റിമൂലം ക്ഷയം

സംഭവിക്കുമ്പോൾ, അതിലെ ഒരു ആറ്റത്തിലെ ന്യൂക്ലിയസ് ഒരു ബീറ്റ കണം(ß) പുറത്തുവിടുന്നു. ഉയർന്ന ഊർജ്ജനിലയിലുള്ള ഇലക്ട്രോണുകളാണ് ബീറ്റ കണങ്ങൾ. അവ ഡയമണ്ട് സെമികണ്ടക്റ്ററിലെ ഇലക്ട്രോണുകളെ ഉത്തേജിപ്പിക്കുകയും, സ്വാതന്ത്രമാക്കപ്പെടുന്ന ആ ഇലക്ട്രോണുകൾ ഒരു വൈദ്യുതി പ്രവാഹം ഉണ്ടാക്കുകയും ചെയ്യുന്നു. Ni-63 പുറത്തുവിടുന്ന ബീറ്റ കണമാണ് ഈ ബാറ്ററിയുടെ പ്രവർത്തനത്തിന് അടിസ്ഥാനം എന്നതിനാൽ ഇതിനെ betavoltaic battery എന്നും ശാസ്ത്രലോകം വിശേഷിപ്പിക്കുന്നു. 3V/100μWh ആണ് ഈ BV100 എന്ന കുഞ്ഞൻ ബാറ്ററിയുടെ ഊർജ്ജോത്പാദനമെങ്കിലും, പല സെല്ലുകൾ നിരയായോ, സമാന്തരമായോ (series or parallel) ക്രമീകരിച്ച് ഭാവിയിൽ കൂടുതൽ ഊർജ്ജം ഉത്പാദിപ്പിക്കുന്ന ബാറ്ററികൾ സാധ്യമാകുമെന്നാണ് ഗവേഷകർ കരുതുന്നത്.

ഇന്ന് ഉപയോഗത്തിലിരിക്കുന്ന ബാറ്ററികളുടെ പ്രവർത്തനത്തിന്റെ അടിസ്ഥാനം രാസപ്രവർത്തനമായതിനാൽ, അവയുടെ പ്രവർത്തനം താപനില, ആർദ്രത തുടങ്ങിയ ചുറ്റുപാടുകളെ ആശ്രയിച്ചിരിക്കുന്നു. എന്നാൽ ഇതൊന്നും ന്യൂക്ലിയർ ബാറ്ററികളുടെ പ്രവർത്തനത്തെ ബാധിക്കുന്നതേയില്ല. നിലവിലെ ബാറ്ററികൾ പൂജ്യം ഡിഗ്രി തൊട്ട് 45 ഡിഗ്രി താപനിലവരെ മാത്രമാണ് സുഗമമായി പ്രവർത്തിക്കുന്നത്. എന്നാൽ 60മുതൽ +120 ഡിഗ്രി താപനിലവരെ ന്യൂക്ലിയർ ബാറ്ററികൾ സുഗമമായി പ്രവർത്തിക്കുമെന്ന് ഗവേഷണങ്ങളിൽ കണ്ടെത്തിയിട്ടുണ്ട്. സാധാരണ ബാറ്ററികളിൽ ഉപയോഗിക്കുന്ന രാസപദാർത്ഥങ്ങൾ ഉണ്ടാക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ വളരെയാണ്. ബാറ്ററികളുടെ ഉപയോഗത്തിനുശേഷം അവ പ്രവർത്തനരഹിതമാകുമ്പോൾ ഇത്തരം രാസപദാർത്ഥങ്ങളെ പുനചംക്രമണം (recycling) നടത്തുന്നത് വലിയ ചെലവുള്ളതാണെന്ന് മാത്രമല്ല, ഒട്ടും തന്നെ പരിസ്ഥിതി സൗഹൃദവുമല്ല. എന്നാൽ BV-100 ബാറ്ററിയിൽ ദീർഘനാളത്തെ ഊർജ്ജോത്പാദനത്തിനുശേഷം അവശേഷിക്കുന്നത് റേഡിയോ ആക്റ്റിവിറ്റി ഒട്ടുംതന്നെ ഇല്ലാത്ത കോപ്പർ (Cu) മാത്രമാണ്, അതിനാൽത്തന്നെ പുനചംക്രമണത്തിന്റെ ആവശ്യവുമില്ല. ഇത്തരം ന്യൂക്ലിയർ ബാറ്ററിയിൽ ഉപയോഗിക്കുന്ന നിക്കൽ63 റേഡിയോ ആക്റ്റിവിറ്റിയിൽ പുറത്തുവിടുന്ന ബീറ്റ കണങ്ങളെ പ്ലാസ്റ്റിക് കൊണ്ടുപോലും തടയാമെന്നതിനാൽ റേഡിയേഷൻ എന്ന പേടിയും നിലനിൽക്കുന്നില്ല.




ന്യൂക്ലിയർ ബാറ്ററിയുടെ ഗുണങ്ങൾ, ദീർഘായുസ്സ് വലുപ്പത്തിലുള്ള കുറവ് പരിസ്ഥിതി സൗഹൃദം എന്നിവയിൽ മാത്രം ഒതുങ്ങുന്നില്ല. പരമ്പരാഗത ബാറ്ററികളിൽ നിന്ന് വ്യത്യസ്തമായി, ഇതിന് പത്തിരട്ടിയോളം കൂടുതൽ ഊർജ്ജ സാന്ദ്രതയുമുണ്ട്, ഗ്രാമിന് 3,300 mWh സംഭരിക്കാനുള്ള ശേഷി ഉണ്ടെന്നാണ് ഗവേഷകർ പറയുന്നത്. ഊർജ്ജോത്പാദനം രാസപ്രവർത്തനത്തിലൂടെ അല്ലാത്തതിനാൽ, സ്വയം ഡിസ്ചാർജ് ആവുക, ചൂടായി തീപിടിക്കുക തുടങ്ങിയ ഭീഷണികളും ഇത്തരം ബാറ്ററികൾക്കില്ലെന്നത് എടുത്തുപറയേണ്ട സവിശേഷതയാണ്.

വളരെക്കാലം തടസ്സമില്ലാതെ വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനാൽ ശരീരത്തിനകത്ത് സ്ഥാപിക്കുന്ന പേസ്മേക്കറുകൾ പോലുള്ള ജീവൻരക്ഷാ ഉപകരണങ്ങൾക്ക് ന്യൂക്ലിയർ ബാറ്ററികൾ വളരെ സഹായകമാകും. ഡ്രോണുകൾ, മൊബൈൽ ഫോണുകൾ, ലാപ്ടോപ്പുകൾ തുടങ്ങി ഭാവിയിൽ ഇത്തരം ബാറ്ററികൾക്ക് വലിയ സാധ്യതകളാണ് ശാസ്ത്രലോകം മുന്നോട്ടുയ്ക്കുന്നത്. ബഹിരാകാശ ദൗത്യങ്ങൾ, സൈനിക ആവശ്യങ്ങൾ തുടങ്ങിയവയുടെ ഊർജ്ജ ആവശ്യത്തിലും ഭാവിയിൽ ന്യൂക്ലിയർ ബാറ്ററികൾ വലിയ സ്ഥാനം കണ്ടെത്തുമെന്ന് ഉറപ്പാണ്.

ഗവേഷണത്തിലൂടെ BV-100 ബാറ്ററി വികസിപ്പിക്കുകയും, അതിന്റെ വാണിജ്യ ഉത്പാദനം പ്രഖ്യാപിക്കുകയും ചെയ്തതിലൂടെ ചൈനീസ് ശാസ്ത്രലോകം ഈ രംഗത്ത് തങ്ങളുടെ ശാസ്ത്രസാങ്കേതിക മുന്നേറ്റം ലോകത്തിന് മുൻപിൽ തെളിയിക്കുകകൂടി ചെയ്തിരിക്കുകയാണ്.

കടപ്പാട്:
https://www.livescience.com/
https://www.techspot.com/

# ആൽത്തറ മുത്തശ്ശൻ

**ജോസ് ഗോതുരുത്ത്**

"ശനിയാഴ്ച തോറുമാണ് വയസ്സൻ വീടുകളിൽ എത്തുക പതിവ്. ആകെ മുഷിഞ്ഞ വേഷം കുറുകിയ കാവിമുണ്ട് ഉടുത്തിരിക്കും. കഴുത്തിനെ ചുറ്റി നിറം മങ്ങിയ തുണി കൊണ്ട് നെഞ്ച് മറച്ചിരിക്കും വെളുത്ത താടിയും നീണ്ട മീശയും അയാളെ കൂടുതൽ വയസ്സനായി തോന്നിപ്പിക്കും. നെറ്റിക്കു മുകളിൽ തലമുടികളില്ല. തലയുടെ താഴ്‌വാരങ്ങളിൽ വെളുത്തു നീണ്ട മുടിയിഴകൾ ചുരുളുകളായി തോളിൽ വീണു കിടക്കുന്നു. കണ്ണുകളിൽ വെളിച്ചം മങ്ങിയിട്ടില്ല. മുഖത്ത് കരിവാളിച്ച നിറം പടർന്നിരിക്കുന്നു.

വലതുകയ്യിൽ ചുളുങ്ങി മലർന്ന പഴഞ്ചൻ അലൂമിനിയ പാത്രവുമായാണ് വീടുകളിൽ എത്തുന്നത്. വീടിന്റെ മുറ്റത്തു വന്നു നിന്ന് നീട്ടി വിളിക്കും 'അമ്മാ...' അതുകേട്ട് അകത്തു നിന്ന് ആരെങ്കിലും വന്ന് നാണയത്തുട്ടുകൾ പാത്രത്തിലേക്ക് ഇട്ടുകൊടുക്കും. ആ മാത്രയിൽ അയാളുടെ മുഖത്ത് ചെറുപുഞ്ചിരിയുടെ നറുവെളിച്ചം പരന്നു കാണും.

വീടിനെ നോക്കി ഒന്നു വണങ്ങി പിൻതിരിഞ്ഞ് നടന്നകലും. മന്ദഗതിയിലുള്ള അയാളുടെ നടത്തത്തിന്റെ താളക്രമത്തിൽ തോളിലെ ചുരുൾ മുടികൾ ഉലഞ്ഞു കൊണ്ടിരിക്കും.

ഏതാണ്ട് ഉച്ചനേരത്താണ് അയാൾ നീതുമോളുടെ വീട്ടിലെത്തുന്നത്. നീതുമോളായിരിക്കും പതിവായി അയാളുടെ പാത്രത്തിൽ നാണയത്തുട്ടുകളുടെ സംഗീതമുയർത്തുന്നത്. ആ സന്ദർഭത്തിൽ ഒരു നിമിഷം അയാൾ കണ്ണടച്ച് നിൽക്കുന്നത് നീതുമോൾക്ക് കൗതുകമുള്ള കാഴ്ചയാണ്.

അന്നൊരു ദിവസം അയാൾ പതിവുപോലെ നീതുമോളുടെ വീട്ടിലെത്തി. എന്തോ ഏതോ ചടങ്ങ് വീട്ടിൽ നടക്കുന്നതുപോലെ ആൾക്ക് തോന്നി.



വര: സുധീർ പി വൈ

വീടിന്റെ പൂമുഖം വർണക്കടലാസുകൾ കൊണ്ട് അലങ്കരിച്ചിരിക്കുന്നു. വീർപ്പിച്ച വർണ ബലൂണുകൾ ചെറുകാറ്റിൽ ഊഞ്ഞാലാടിക്കൊണ്ടിരിക്കുന്നു. അകത്തു നിന്നും ചിരിയും സംസാരങ്ങളും ഉയർന്നു കേൾക്കാം

അയാൾ പതിവുപോലെ വീടിന്റെ മുറ്റത്തു നിന്ന് നീട്ടി വിളിച്ചു. നീതുമോൾ ഉമ്മറത്തേക്ക് ഓടിയെത്തി ഒട്ടും വൈകാതെ ചിരി തൂകിക്കൊണ്ട് അയാൾ നീതുമോളോടു ചോദിച്ചു ''എന്താ മോളേ വീട്ടിൽ വല്ല ചടങ്ങുമുണ്ടോ?'' ''ഉണ്ട് മുത്തശ്ശാ ഇന്നെന്റെ പിറന്നാളാണ്.''

അത് കേട്ടപ്പോൾ അയാളുടെ മുഖം വിടർന്നു. കണ്ണുകളിൽ തെളിച്ചം പരന്നു. ''ഹായ്. നല്ല വിശേഷം! മോള് നല്ല മിടുക്കിയാവട്ടെ!'' അതും പറഞ്ഞ് അയാൾ എളിയിൽ തപ്പി. ഒരു കടലാസു തുണ്ടെടുത്ത് അവൾക്ക് നേരേ നീട്ടി. എന്നിട്ട് പറഞ്ഞു. ''മോളിത് സൂക്ഷിച്ചു വെച്ചോ! ഭാഗ്യം വരട്ടെ!'' അയാൾ പിൻതിരിഞ്ഞ് പതുക്കെ നടന്നു പോയി

കയ്യിൽ കിട്ടിയ കടലാസു തുണ്ടുമായി അവൾ അച്ഛന്റെ അടുക്കൽച്ചെന്ന് കാര്യം പറഞ്ഞു. കടലാസു തുണ്ട് നോക്കിയ ശേഷം അയാൾ പറഞ്ഞു: ഇതൊരുലോട്ടറി ടിക്കറ്റാണല്ലോ!സൂക്ഷിച്ചു വെച്ചോ അടുത്ത ശനിയാഴ്ച നറുക്കെടുപ്പാണ് ഭാഗ്യദേവതയെ മനസ്സിൽ ഓർത്തോളൂ.

അതു കേട്ടപാട്ടേ അവൾ അകത്തേക്കോടി തന്റെ സ്കൂൾ ബാഗെടുത്ത് സിബ്ബ് ഊരി സൈഡിലെ കുഞ്ഞറയിൽ കടലാസ് തുണ്ട് സൂക്ഷിച്ചു വെച്ചു

പിറന്നാൾ ആഘോഷം കഴിഞ്ഞു. ഒരാഴ്ച കടന്നു പോയി ശനിയാഴ്ച വന്നു.അന്നു വൈകുന്നേരം അച്ഛൻ നീതുമോളിൽ നിന്നും ലോട്ടറി ടിക്കറ്റു വാങ്ങി ടൗണിലേക്കു തിരിച്ചു. അവിടെ കണ്ട ലോട്ടറിക്കടയിൽക്കയറി റിസൽട്ട് പരിശോധിച്ചു. അച്ഛന് വിശ്വസിക്കാൻ കഴിഞ്ഞില്ല. വീണ്ടും വീണ്ടും നോക്കി ആ നമ്പറിന് മൂന്നാം സമ്മാനമായ ഒരു ലക്ഷം അടിച്ചിരിക്കുന്നു.

അമ്പിളി വെട്ടത്തിന്റെ മുഖപ്രസാദത്തോടെയാണ് അച്ഛൻ വീട്ടിൽ വന്നു കയറിയത് ചെന്നയുടനെ ''നീതുമോളേ...'' അയാൾ വിളിച്ചു. അവൾ ഓടിയെത്തി. കൂടെ അമ്മയും വന്നു. രണ്ടു പേരോടും ലോട്ടറി അടിച്ച കാര്യം വർധിച്ച സന്തോഷത്തോടെ അറിയിച്ചു. നീതുവിന്റെയും അമ്മയുടെയും മിഴികളിൽ പൂത്തിരി കത്തിച്ച വെട്ടം പൂത്തു തിളങ്ങി.

നീതുമോൾക്ക് എന്തോ പറയാനുണ്ടെന്ന ഭാവം അച്ഛൻ തിരിച്ചറിഞ്ഞു നീതുമോളുടെ ചുണ്ടുകൾ വിടർന്നു.

''അച്ഛാ ഈ സമ്മാനം നമുക്ക് ആ മുത്തശ്ശനെ ഏൽപ്പിക്കണം. ഒന്നുമില്ലാത്ത ഒരു പാവമല്ലേ അച്ഛാ ആ മുത്തശ്ശൻ.''

''കൊടുങ്ങല്ലൂർ അമ്പലപ്പറമ്പിലാണ് താമസമെന്ന് ഒരിക്കൽ എന്നോട് പറഞ്ഞതായി ഓർക്കുന്നു.''നീതുവിന്റെ ആഗ്രഹം മനസ്സിലാക്കി അച്ഛൻ സമ്മതിച്ചു. ഉടനെ തന്നെ പോകാൻ തീരുമാനിച്ചു. അച്ഛൻ കാർ സ്റ്റാർട്ടാക്കി. നീതുമോൾ കാറിൽക്കയറി.

സന്ധ്യയോട് അടുത്ത സമയം അവർ അമ്പലമുറ്റത്തെത്തി അവിടെ നിറയെ ആളുകൾ. ആൽത്തറയിലിരുന്ന് പലരും വർത്തമാനം പറയുന്നു. 'ആരോടു ചോദിക്കും?' കൊച്ചുവണ്ടിയിൽ കപ്പലണ്ടി വിറ്റു കൊണ്ടിരുന്ന വണ്ടിക്കാരന്റെ അടുക്കൽ ചെന്ന് വയസ്സനെ തിരക്കി. വയസ്സന്റെ രൂപവും വേഷവും വിശദീകരിച്ചു കൊടുത്തു.

''നിങ്ങൾ പറയുന്ന പോലെ കാവിയുടുത്ത വെളുത്ത താടിയും മീശയുമുള്ള ഒരു വയസ്സൻ ഇവിടെ ആൽത്തറയിൽ അന്തിയുറങ്ങുമായിരുന്നു. പലപ്പോഴും ഞാൻ കണ്ടിട്ടുണ്ട്. പക്ഷേ, ഏതാനും ദിവസങ്ങൾക്കു മുമ്പ് അങ്ങേര് മരിച്ചു പോയി. ആൽത്തറയിൽ മരിച്ചു കിടക്കുകയായിരുന്നു. പോലീസെത്തി പഴമ്പായിൽ പൊതിഞ്ഞ് ആ ശരീരം ആംബുലൻസിൽ കൊണ്ടുപോയി.''കപ്പലണ്ടിക്കാരൻ പറഞ്ഞു നിർത്തി.

ആർക്കും ഒന്നും അൽപനേരത്തേക്ക് മിണ്ടാൻ കഴിഞ്ഞില്ല. മൗനത്തിന്റെ മഹാപർവ്വതം അവർക്കിടയിൽ മുളച്ചുപൊന്തി. നീതുവിന്റെ കണ്ണിൽ നിന്നും കണ്ണീർത്തുള്ളികൾ കവിളിലൂടെ ഒലിച്ചിറങ്ങി നിലത്തുവീണു. അച്ഛന്റെ മിഴികളും നിറഞ്ഞു തുളുമ്പി. ഒരു പറ്റം വെള്ളരി പ്രാവുകൾ ആൽത്തറയ്ക്കു ചുറ്റും പറന്നു നടന്നു. അമ്പലത്തിൽ നിന്നും മൃദു മണിനാദം ഉയർന്നു.

# നടപ്പ് സമരം

## റെജി മലയാലപ്പുഴ

അവധിക്കാലമൊക്കെ കഴിയാറായല്ലോ... പുതിയ ക്ലാസ്, പുതിയ പുസ്തകം ഒക്കെയായി ഇനി വീണ്ടും പള്ളിക്കൂട മുറ്റത്തേക്ക് എത്താനിനി അധിക ദിവസങ്ങളില്ല. യൂണിഫോമും, ബാഗുമൊക്കെ സ്കൂളടച്ചപ്പോൾ മൂലയ്ക്ക് പോയിരുന്നതാണ്. അങ്ങേലെ ചന്തുവിന്റെ ഒപ്പം ഇടയ്ക്കൊക്കെ സൈക്കിൾ ചവിട്ടി ഒരു കറക്കമുണ്ട് കുട്ടന്.

നിരത്തുകളിലൂടെ സൈക്കിൾ ചവിട്ടി നീങ്ങുന്ന ഒരു ദിവസം ചന്തു പറഞ്ഞതോർത്തു. കുറച്ചു ദിവസം ഈ നിരത്തിലൂടെ നമുക്ക് നടക്കാനിറങ്ങണം. എന്നാലത് ഇത് വരെ സാധിച്ചില്ല. എന്തായാലും സ്കൂൾ തുറക്കും മുമ്പ് കാലത്ത് എണീറ്റ് നടക്കണം. അവനുറപ്പിച്ചു.

അങ്ങനെ കുട്ടൻ ചന്തുവിനെക്കൂട്ടി കാലത്ത് നടക്കാനിറങ്ങി. ഭൂമി കറങ്ങുന്ന വേഗത്തിലല്ലെങ്കിലും അവരും ഭൂമിക്കൊപ്പം ചുറ്റിനടന്നു. തെരുവോരങ്ങളിൽ നായ്ക്കുട്ടന്മാർ കാവൽക്കാരായുണ്ട്. ചന്തുവിന് അവരെക്കണ്ട് ഭയമായി. പക്ഷെ കുട്ടൻ അവന് ധൈര്യം നൽകി..

അങ്ങനെ നടന്നു നീങ്ങുന്നതിനിടയിലാണ് വഴിയോരത്തെല്ലാം മാലിന്യങ്ങൾ വലിച്ചെറിഞ്ഞത് അവർ കണ്ടത്.

എന്തുമാത്രം മാലിന്യമാണ് മനുഷ്യർ രാത്രിയിൽ കൊണ്ടു തള്ളുന്നത്. മത്സ്യമാംസ അവശിഷ്ടങ്ങൾ ജീർണിച്ച് ദുർഗന്ധം വമിക്കുന്നു. ഇതിനിടയിൽ എല്ലു കഷ്ണത്തിനു വേണ്ടി കടിപിടി കൂടുന്ന നായ്ക്കുട്ടൻമാരെയും അവർ കണ്ടു. ''ഏത് ജീവിക്കും വിശപ്പ് ഒരു പ്രാധാന്യമുള്ളതാണല്ലേ...'' ചന്തു പറഞ്ഞു. അതെ കുട്ടനത് ശരി വെച്ചു..

ഈ നായ്ക്കുട്ടന്മാർ മനുഷ്യർ വലിച്ചെറിയുന്ന ഭക്ഷ്യമാലിന്യത്തെ ആശ്രയിച്ചാണ് കഴിയുന്നത്. മാംസ അവശിഷ്ടങ്ങൾ തിന്ന് അവർ തടിച്ചു കൊഴുത്തു. അനാഥരാക്കപ്പെട്ട ഈ നായ്ക്കുട്ടൻമാരുടെ കടിയേറ്റ് പേ വിഷം ബാധിച്ചവരുടെ വാർത്ത അവർ ഓർത്തെടുത്തു. ചില മനുഷ്യർ സ്വാർഥരാണ്. അതാണവർ മാലിന്യങ്ങൾ വലിച്ചെറിയുന്നത്.

''നമുക്കൊരു കാര്യം ചെയ്യാം ഇങ്ങനെ മാലിന്യം തള്ളുന്നവരുടെ ചിത്രമെടുത്ത് സമൂഹമാധ്യമത്തിൽ ഇടണം. പൊതു ശത്രുക്കളായി ഇവരെ പ്രഖ്യാപിക്കണം. ഭൂമിക്കും, മറ്റ് ജീവജാലങ്ങൾക്കും ദോഷം വരുത്തുന്ന ഇവരെ ഒറ്റപ്പെടുത്തണം.''

''നമ്മൾ കാലത്തെണീറ്റ് നടന്നിട്ട് കാര്യമില്ലല്ലോ. സമൂഹത്തിന് വേണ്ടി എന്തെങ്കിലും ചെയ്യണം.''

അങ്ങനെ ചന്തുവും, കുട്ടനും കൂടി മാലിന്യം തള്ളുന്നവരുടെ ചിത്രങ്ങൾ സമൂഹ മാധ്യമത്തിൽ ഇട്ടു തുടങ്ങി.. അവരുടെ പ്രവർത്തനങ്ങൾക്ക് പിന്തുണയേറി...

കാലത്ത് നടക്കാനിറങ്ങിയ അവർ മാലിന്യം തെരുവിൽ തള്ളരുത് എന്ന അർഥത്തിലുള്ള വാകൃങ്ങൾ അടങ്ങിയ പ്ലക്കാർഡുകളും കൈയിലേന്തി. അങ്ങനെ ഈ രണ്ടു കുട്ടികൾക്കൊപ്പം കാലത്ത് നടക്കാനിറങ്ങിയവർ ഒത്തു ചേർന്നു.

ഒന്ന്, രണ്ട് ക്രമത്തിൽ ആളുകളുടെ എണ്ണം വർധിച്ചു. കാലത്ത് എണീറ്റു നടക്കാനിറങ്ങുന്നവരുടെ നടത്തത്തിനൊപ്പം മാലിന്യ നിക്ഷേപത്തിനെതിരേയുള്ള മുദ്രാവാക്യങ്ങൾ മുഴങ്ങി.

നടപ്പ് ഒരു സമരമായി ത്തീരാൻ അധിക ദിവസങ്ങൾ വേണ്ടി വന്നില്ല. ചന്തുവിനും, കുട്ടനും സന്തോഷമായി... ഈ അവധിക്കാലം സമൂഹത്തിന് വേണ്ടി മാറ്റി വെച്ചതിലുള്ള ആഹ്ലാദം അവർ പരസ്പരം പങ്കു വെച്ചു.

സ്കൂൾ തുറന്നു പുസ്തക സഞ്ചിയുമായി സൈക്കിളിൽ പള്ളിക്കൂട വഴിയിലൂടെ സഞ്ചരിക്കുന്ന ചന്തുവിനോടും കുട്ടനോടും സമൂഹം ഒന്നടങ്കം ഉറക്കെപ്പറഞ്ഞു. ''ചുറ്റുപാടിന്റെ വൃത്തിക്കു വേണ്ടി

ഞങ്ങളുണ്ട് നിങ്ങൾക്കൊപ്പം.''

അതുകേട്ട ചന്തുവിന്റെയും കുട്ടന്റെയും ആവേശം വർധിച്ചു. സൈക്കിളിന്റെ ചക്രവേഗം ഭൂമിക്കൊപ്പമുരുണ്ടു. രണ്ടു മനസ്സുകളിലും പച്ചപ്പ് തഴച്ച് വളർന്നു.




വര: എൻ ജി സുരേഷ്കുമാർ പുല്ലങ്ങടി

# ശബ്ദം

**തോമസ് താമരശ്ശേരി**

മിനുമിനെ മിന്നും പുടവയുടുത്തു
കുഞ്ഞാറ്റക്കിളി പാടുന്നു.
ചിലു ചിലു ചില്ലകൾ താളം തുള്ളി
കിളിമകൾ പാടിയ പാട്ടൊപ്പം.
ചിനു ചിനെ മണ്ണിൽ പെയ്തു രസിക്കാൻ
കരിമുകിൽ മാനത്തിടിനാദം
കളകള നാദം അലകളിൽ ഞൊറിയാൻ
പുഴകളിലാകെയുമാവേശം
കിരുകിരെ ശബ്ദം നെഞ്ചിൽ നിറച്ച്
പായും വാഹന വ്യൂഹങ്ങൾ.
പല പല ശബ്ദരസങ്ങളുമായി
പാരിടമാകെയുമാഘോഷം..



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് വാർത്തകൾ

## കുട്ടികൾക്കുള്ള രചനാക്യാമ്പ് കെ ജയകുമാർ ഐ എ എസ് ഉദ്ഘാടനം ചെയ്തു.




കേരള മഹിളാ സമഖ്യ സൊസൈറ്റിയുടെ മഹിളാ ശിക്ഷൺ കേന്ദ്രത്തിലെ കുട്ടികൾക്കായി കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന മൂന്നു ദിവസത്തെ സാഹിത്യരചനാ ശില്പശാല കവിയും മുൻ ചീഫ് സെക്രട്ടറിയും ഐ എം ജി ഡയറക്ടറുമായ കെ ജയകുമാർ ഐ എ എസ് ഉദ്ഘാടനം ചെയ്തു. നിരന്തരസമർപ്പണം ആവശ്യമുള്ള ഒന്നാണ് എഴുത്ത്. നല്ല എഴുത്തുകാരാവണമെങ്കിൽ നല്ല വായനക്കാരായിരിക്കണം. അദ്ദേഹം പറഞ്ഞു. തിരുവനന്തപുരം കരകുളം ഗ്രാമീണ പഠന കേന്ദ്രത്തിൽ വെള്ളിയാഴ്ച നടന്ന ചടങ്ങിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പള്ളിയറ ശ്രീധരൻ അധ്യക്ഷനായിരുന്നു. ക്യാമ്പ് ഡയറക്ടറും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗങ്ങളായ ജി നിശികാന്ത്, അഡ്വ എം രൺദീഷ്, കേരള മഹിളാ സമഖ്യ സൊസൈറ്റി അസോസിയേറ്റ് ഡയറക്ടർ രമാദേവി എൽ, സ്റ്റേറ്റ് കൺസൽട്ടന്റ് ബോബി ജോസഫ് തുടങ്ങിയവർ സംസാരിച്ചു. എഴുത്തിന്റെ രസം എന്ന വിഷയത്തിൽ കവിയും ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതി അംഗവുമായ കെ കെ കൃഷ്ണകുമാറും കവിതയുടെ ലോകം എന്ന വിഷയത്തിൽ കവിയും മുൻ അഡീഷണൽ സെക്രട്ടറിയുമായ സുഭാഷിണി തങ്കച്ചിയും കഥാകൃത്തും അധ്യാപികയുമായ സാഗ ജെയിംസും കുട്ടികളോടു സംവദിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽനിന്നുള്ള 25 കുട്ടികളാണ് ശില്പശാലയിൽ പങ്കെടുത്തത്. കുട്ടികളുടെ സർഗ്ഗാത്മകതയും എഴുത്തുവൈദഗ്ധ്യവും വികസിപ്പിക്കുന്നതിനായി രൂപകല്പന ചെയ്ത ശില്പ ശാലയിൽ കുട്ടികൾ അവരുടെ രചനകൾ അവതരിപ്പിച്ചു. സമാപനസമ്മേളനം തിരുവനന്തപുരം ജില്ലാ പഞ്ചായത്തു പ്രസിഡന്റ് അഡ്വ. ഡി സുരേഷ് കുമാർ ഉദ്ഘാടനം ചെയ്തു.■



**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL/TV (N)/ WPP/11/2024-26
RNI No. 20076/1970 SEPTEMBER 2025
Regd KL/TV (N)/399/2024-2026 Published on 01-09-2025 Vol:32, Issue: 09, ₹25

## കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

(കേരള സർക്കാർ സാംസ്കാരിക വകുപ്പ്)

# തളിര് സ്കോളർഷിപ്പ് 2025

യു. പി, ഹൈസ്കൂൾവിഭാഗങ്ങളിലായി ഓരോ ജില്ലയിലും ചുരുങ്ങിയത് **100** പേർക്ക് സ്കോളർഷിപ്പും സർട്ടിഫിക്കറ്റും.

ഇരു വിഭാഗത്തിലും ആദ്യ മൂന്നു റാങ്കുകാർക്ക് **10000, 5000, 3000** രൂപ എന്നിങ്ങനെ സ്കോളർഷിപ്പും സർട്ടിഫിക്കറ്റും. **100** കുട്ടികൾ തളിര് സ്കോളർഷിപ്പിനു ചേരുന്ന സ്കൂളുകൾക്ക് **1000** രൂപയുടെ പുസ്തകങ്ങൾ സൗജന്യം.

തളിരിന്റെ വാർഷികവരിസംഖ്യയായ **250 രൂപ** അടച്ച് രജിസ്റ്റർ ചെയ്യുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാം. **2026 ജനുവരി** മുതൽ **ഡിസംബർ** വരെയുള്ള തളിര് തപാലിൽ ലഭ്യമാവും.

**രജിസ്റ്റർ ചെയ്യാൻ**

https://scholarship.ksicl.kerala.gov.in

കൂടുതൽ വിവരങ്ങൾക്ക് **8547971483** എന്ന നമ്പറിലോ **scholarship@ksicl.org** എന്ന ഇമെയിലിലോ ബന്ധപ്പെടാവുന്നതാണ്

**സെപ്റ്റംബർ 30 വരെ അപേക്ഷിക്കാം**

SCAN ME!